# THE KUDUMBA DEEPAM.



Vol. V.) October 1934. (No. 10.

## വിഷയവിവരം.


1. ദൈവമാതൃസ്തവം....................................................... 289.
2. ജന്തുസ്നേഹിതനായ വി. ഫ്രാൻസിസ് അസ്സീസി........................ ,,
3. വേദപുസ്തകവും കത്തോലിക്കാസഭയും......................................... 295:
4. ജപമാലയാൽ.................................................................... 303
5. ജീവിതസ്ഥിതികൾ............................................................ 304.
6. ക്ലാസ്സ് മുറിയിലെ കൊലപാതകം............................................. 308.
7. ജ്ഞാനസ്നാനകർമ്മം.......................................................... 316.
8. പൊതുനിയോഗം.................................................................. 319.
9. കുറിപ്പുകൾ....................................................................... ,,
10. പരസ്യങ്ങൾ.................................................................... 320.


In vain we are called Christians if we are not imitators of Christ.

—St. Leo.

# ഡോക്ടർ നിഷിമൂറ ഡി. എസ്സ്.

# ജാഫാനിസ് ദന്തവൈദ്യൻ.



## എറണാകുളം.

പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമ പല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.

---

## നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തിസ്പർശംകൂടാതെ പറയാം.

ഒരു കുപ്പിക്കു വില ക. ൨-൮-൦.

### കാസശ്വാസനിവാരണി.

നിങ്ങൾ പല ഔഷധങ്ങൾ ഉപയോഗിച്ചിട്ടും എങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീർച്ചയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിനു ക. ൪-൨-൦

### പ്രമേഹസംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂർണ്ണസുഖമാകുന്നതാണ്.

ഒരു കുപ്പിക്കു വില ക. ൪-൮-൦

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണ്. പോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്തോദം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു്. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു്. 'ഹെമ്മിന': എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള ദിവ്യൌഷധങ്ങളും തയ്യാറുണ്ടു്. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കേറ്റുകൾ കിട്ടീട്ടുണ്ടു്.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,

നമ്പ്ര് ൮൮, കോഴിക്കോട്, മലബാർ.

---

# ആത്മീയമന്നാ.

(ജപപ്പുസ്തകം.)

## ൩-ാം പതിപ്പു തയ്യാറായിരിക്കുന്നു.

വെള്ളത്തുകൽ ബയണ്ടു ൦—൨—൦.

സൂപ്രണ്ടു്, ചെറുപുഷ്പകൈത്തൊഴിൽശാല,

തേവര.




എൻെറ ദൈവവും എൻെറ സർവ്വവും.

— വി. ഫ്രാൻസിസു് അസ്സീസി.

# കുടുംബദീപം.

പുസ്തകം ൭. | ഒക്ടോബർ ൧൯൩൪. | ലക്കം ൧൦.

## ചെറുപുഷ്പസ്തവം

ബിഹാക് ആദി. കല്ലൊചെറല്ലായ്മനാത്തു് എ. മ.

(ജെ. ജ്ഞാനസുന്ദരം, ഗിരിമന്ദിരം.)

ചൊല്ലേറും സൂനമേ, നിൻപാദം കൂപ്പുന്നാതുരൻ ഞാൻ-

1. ചാരിത്രഹേമവല്ലി—പുഷ്പിച്ച പവിഴവല്ലി—
ചാരുത്വമേറിനാകം—ചേർന്നുള്ള കൊച്ചുത്രേസ്യാ— ചൊല്ലേറും.

2. സന്തോഷപൂർണ്ണയായും—ആദർശബദ്ധയായും
സ്വാന്തം ദൈവികസ്നേഹ—ദീപത്താൽ ശക്തയായ—ചൊല്ലേറും.

3. ആദർശമേകിത്താവ—ധർമ്മങ്ങൾ നിർവ്വഹിച്ചു
ആത്മാവാം ദിവ്യരത്നം—യേശുവിനർപ്പിച്ചിവൾ— ചൊല്ലേറും.

4. സ്നേഹംകൂടാതെയുള്ള—കർമ്മാനുഷ്ഠാനമെല്ലാം
ശൂന്യങ്ങളെന്ന സത്യ—ബോധമാർന്ന ധന്യകന്യേ— ചൊല്ലേറും.

---

ജന്തുസ്നേഹിയായ

## വി. ഫ്റാൻസിസ് അസ്സീസി.

വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ഈ ഒക്ടോബർ ൪-ാം തീയതിയാണല്ലൊ ആഘോഷിക്കപ്പെടുന്നതു്. ഈ വിശുദ്ധൻ ഒരു ജന്തുസ്നേഹിയാണെന്നു പ്രസിദ്ധമാണു്. ഈ സംഗതിയെ അനുസ്മരിപ്പിക്കുന്നതിനും ജന്തുസ്നേഹത്തെ പുലർത്തിക്കൊണ്ടുപോരുന്നതിനും അമേരിക്ക, യൂറോപ്പ് മുതലായ പാശ്ചാത്യരാജ്യങ്ങളിലെ അനേക ജീവകാരുണ്യസഭകൾ ഈ ദി

വാസത്തെ ഒരു ജന്മദിനമായി ആചരിച്ചുവരുന്നു തന്നിമിത്തം ഈ ദിവസം ആ പുണ്യവാൻെറ വിശുദ്ധിയെയും ജീവകാരുണ്യത്തെയും പ്രഖ്യാപനം ചെയ്യുന്നുണ്ടു്. അദ്ദേഹം മനുഷ്യരോടും മൃഗങ്ങളോടും ദയയുള്ളവനായിരുന്നു; എന്നാൽ തന്നോടു താൻ കഠിനമായി വർത്തിച്ചിരുന്നു.

അദ്ദേഹത്തിൻെറ സജീവമായ വിശ്വാസംമൂലം എല്ലാ സംഭവങ്ങളിലും ദൈവതൃക്കരങ്ങളുടെ സ്പർശനവും എല്ലാ സൃഷ്ടികളിലും ദൈവത്തിൻെറ ഛായയും അദ്ദേഹം ദർശിച്ചിരുന്നു. ഇതൊരു യഥാർത്ഥ തത്വമാണു്. എന്നാൽ വിശ്വദേവതാവാദികൾ പറയുന്നതുപോലെ സകല സൃഷ്ടികളും ദൈവമാണെന്നോ ബ്രഹ്മമയമാണെന്നോ അല്ല ഇതിൻെറ അർത്ഥം. ഓരോ സൃഷ്ടിയുടെയും ഉച്ചനീചത്വമനുസരിച്ചു സ്രഷ്ടാവിൻെറ പരിപൂർണ്ണത അതിൽ പ്രതിഫലിക്കുന്നുവെന്നേയുള്ളു. വിവേചനബുദ്ധിയില്ലാത്ത ജന്തുക്കൾക്കു സ്രഷ്ടാവുമായിട്ടുള്ള അവയുടെ ബന്ധത്തെ പ്രകടിപ്പിക്കുന്നതിനു സാധിക്കുന്നതല്ല എന്നിരുന്നാലും ജന്മവാസന അനുസരിച്ചു അവയും ദൈവഹിതത്തെ അനുവർത്തിക്കുന്നുണ്ടു്. വിശേഷബുദ്ധിയുള്ള മനുഷ്യൻ സ്രഷ്ടാവിൻെറയും ജന്തുക്കളുടെയും ഒരു മദ്ധ്യസ്ഥൻ എന്ന നിലയിൽ വർത്തിക്കുവാൻ ബാദ്ധ്യസ്ഥനാണു്. അവൻ സംസാരവശമില്ലാത്ത വസ്തുക്കളുടെ ഒരു വക്താവു കൂടിയാകുന്നു. പ്രകൃതിവിലാസത്തെക്കുറിച്ചു വിചിന്തനം ചെയ്യുന്ന ഒരു മനുഷ്യൻ ദൈവസ്തുതിസ്തോത്രങ്ങളെ പാടുവാൻ നിർബ്ബന്ധിതനായിപ്പോകുന്നു. തീച്ചൂളയിൽ കിടന്നിരുന്ന എബ്രായബാലന്മാർ, തങ്ങളെ അഗ്നിജ്വാലയിൽനിന്നു സംരക്ഷിച്ച ദൈവത്തിനു സ്തുതിഗീതങ്ങളെ പാടുവാൻ സകല സൃഷ്ടികളെയും ക്ഷണിച്ചുകൊണ്ടിരുന്നു. വി. ഫ്രാൻസിസും തൻെറ സൂര്യഗീതം (Ode to the Sun) കൊണ്ടു ഇതാണു് സാധിച്ചിരിക്കുന്നതു്. അദ്ദേഹം ഒരു വിശുദ്ധനും ഒരു കവിയും, ഒരു യതീവര്യനും ഒരു ചിത്രമെഴുത്തുകാരനുമാണു്. അവിടുന്നു ദൈവത്തെ ദൈവത്തെപ്രതിയും സൃഷ്ടികളെ ദൈവത്തിനുവേണ്ടിയും സ്നേഹിച്ചിരുന്നു. അദ്ദേഹം സംസാരവശമില്ലാത്ത മൃഗങ്ങളെ ത

ന്റെ സഹോദരീസഹോദരന്മാരെന്നാണ് അഭിസംബോധനം ചെയ്തത്.

ഒരു ദിവസം ഒരു യുവാവ് കുറെ പ്രാക്കളെ ചന്തക്കു കൊണ്ടുപോകുന്നതു കണ്ടിട്ട് ഈ വിശുദ്ധൻ ഇങ്ങിനെ പറഞ്ഞു: "എന്റെ പ്രിയ കുട്ടീ, ആ സാധു പ്രാക്കളെ ഇങ്ങോട്ടു തരിക. വേദപുസ്തകത്തിൽ അവയെ ശുദ്ധിയും എളിമയും വിശ്വസ്തതയുമുള്ള ആത്മാക്കളോടാണ് ഉപമിച്ചിരിക്കുന്നത്." ആ യുവാവ് ദൈവപ്രേരണയാൽ ആ പ്രാക്കളെയെല്ലാം വിശുദ്ധനെ ഏല്പിച്ചു. അദ്ദേഹം അവയെ മാറോടണച്ചുകൊണ്ടു സന്യാസാശ്രമത്തിലേക്കു നടന്നു. അവിടെ അദ്ദേഹം അവയെ തന്റെ സ്വന്തം കൈകൊണ്ടു തീററി സംരക്ഷിച്ചുവന്നു. അവ കൂടുകെട്ടി മൊട്ടയിട്ടു വിരിഞ്ഞു ക്രമേണ വർദ്ധിച്ചുകൊണ്ടിരുന്നു. അവയുടെ ദയയുള്ള ഉപകാരിയെ വിസ്മരിക്കാതെ അവ ആവുംവിധം നന്ദി പ്രദർശിപ്പിച്ചു. ഈ ത്യാഗത്തിനു ഒരു സമ്മാനമെന്നോണം ആ യുവാവിനു സന്യാസസഭയിലേക്കു ദൈവവിളിയുണ്ടാകയും അയാൾ വി. ഫ്രാൻസിസിന്റെ സഭയിൽ ചേർന്നു ഒരു വലിയ പുണ്യവാനായിത്തീരുകയുംചെയ്തു.

ഒരിക്കൽ ഫ്രാൻസിസും ചില കൂട്ടുകാരുംകൂടി നടന്നുപോകുമ്പോൾ ഒരു വിജനപ്രദേശത്ത് റോട്ടരികിലുള്ള വൃക്ഷങ്ങളിന്മേൽ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത പലതരം പക്ഷികൾ ഇരിക്കുന്നതു കണ്ടു. പെട്ടെന്നു ഒരു വെളിപാടുണ്ടായതുപോലെ അദ്ദേഹം കൂട്ടുകാരോടു പറഞ്ഞു: "നമ്മുടെ സഹോദരങ്ങളായ പക്ഷികളോടു പ്രസംഗിക്കുന്നതിനു അല്പനേരം ഇവിടെ നിങ്ങൾ താമസിക്കണം." അനന്തരം അദ്ദേഹം വയലിലേക്കിറങ്ങി പ്രസംഗം ആരംഭിച്ചു. ഉടനെ നാനാഭാഗത്തുനിന്നും പക്ഷികൾ പറന്നുവന്ന് അദ്ദേഹത്തിനു ചുററിലും ഇരുന്നു. അദ്ദേഹം അവയുടെ ഇടയിൽക്കൂടി നടന്നുവെങ്കിലും അവയ്ക്കു അശേഷം ഭയമുണ്ടായിരുന്നില്ല. പ്രസംഗത്തിന്റെ രത്നച്ചുരുക്കം താഴെ ചേർക്കുന്നു:-

"എന്റെ സഹോദരങ്ങളായ പക്ഷികളേ, നിങ്ങൾ ദൈ

വത്തിനു വളരെ കടപ്പെട്ടിരിക്കുന്നു. നിങ്ങൾ സദാ ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യണം. നിങ്ങൾക്കു യഥേഷ്ടം പറന്നു നടക്കാം. നിങ്ങൾക്കു അദ്ധ്വാനമൊ വിലയൊ കൂടാതെ ഭക്ഷണവും വസ്ത്രവും കിട്ടുന്നു. നിങ്ങൾക്കു കളനാദവും വിവിധവർണ്ണവസ്ത്രാഭ്യലങ്കാരങ്ങളുമുണ്ട്. നിങ്ങൾക്കു കാലാകാലങ്ങളിൽ വിതച്ച് വിളവെടുക്കേണ്ട ആവശ്യമോ ഭക്ഷണത്തിനു ക്ഷാമമോ ഇല്ല. നിങ്ങൾക്കു കുടിക്കുന്നതിനു കുളങ്ങളും അരുവികളും സഞ്ചരിക്കുന്നതിനു കുന്നുകളും താഴ്വരകളും കൂടുകെട്ടുന്നതിനു വൃക്ഷങ്ങളുമുണ്ട്. നിങ്ങൾ നൂൽ നൂൽക്കുകയൊ നെയ്യുകയൊ ചെയ്യുന്നില്ലെങ്കിലും ദൈവം നിങ്ങൾക്കാവശ്യമുള്ള വസ്ത്രങ്ങൾ തരുന്നു. അതുകൊണ്ടു എന്റെ സഹോദരങ്ങളായ പക്ഷികളേ, നിങ്ങൾ കൃതഘ്നത കാണിക്കരുത്. നിങ്ങളുടെ ഉപകാരിയായ ദൈവത്തിനു സ്തുതിസ്തോത്രം പാടുവിൻ."

ആ ചെറിയ പ്രസംഗം അവസാനിച്ചപ്പോൾ പക്ഷികൾ തല കുനിച്ചും മററുവിധത്തിലും അവയുടെ സമ്മതം കാണിച്ചു. അവ ചിറകടിച്ചും കഴുത്തു നീട്ടിയും ബഹുമാനപുരസ്സരം തല കുനിച്ചും പാട്ടുകൾകൊണ്ടും ചലനങ്ങൾകൊണ്ടും അവയുടെ പ്രാസംഗികനോടുള്ള സന്തോഷത്തെ പ്രദർശിപ്പിച്ചു. ഒടുവിൽ അദ്ദേഹം അവയെ ആശീർവ്വദിക്കയും അവ ആ പ്രസംഗത്തിനനുസരിച്ചു പ്രവർത്തിക്കുവാൻ പറന്നുപോകുകയും ചെയ്തു.

വി. ഫ്രാൻസിസ് ഗുബിയോയിൽ (Gubbio) താമസിച്ചു വരവേ ഒരു വലിയ ചെന്നായ ആടുകളെ മാത്രമല്ല മനുഷ്യരേയും ഉപദ്രവിച്ചിരുന്നതുകൊണ്ടു ആ പട്ടണവാസികൾ ഭീതരായിത്തീർന്നു. മനുഷ്യർ തങ്ങളുടെ വീടുകളിൽനിന്നും പുറത്തിറങ്ങിപ്പോകുന്നതിനു ഭയപ്പെട്ടിരുന്നു. യുവാക്കന്മാർപോലും ആയുധധാരികളായിട്ടല്ലാതെ വെളിക്കിറങ്ങിപ്പോയിരുന്നില്ല. ഫ്രാൻസിസ് ഈ അവസരത്തിൽ അവരെ രക്ഷിക്കുന്നതിനുതന്നെ ശ്രമിച്ചു. ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു അദ്ദേഹം ചെന്നായയുടെ ഗുഹയിലേക്കു പോയി. അവിടെ ചെന്നപ്പോൾ ചെന്നായ വായും പൊളിച്ചുകൊണ്ടു അദ്ദേഹത്തിന്റെനേരെ ചാടി.

വിശുദ്ധൻ കുരിശിന്റെ അടയാളം കാണിച്ചപ്പോൾ ചെന്നായ ഒരടിപോലും മുമ്പോട്ടു വെയ്ക്കാതെ അവിടെത്തന്നെ നിന്നു. അനന്തരം അദ്ദേഹം ചെന്നായയോടു: "എന്റെ സഹോദരനായ ചെന്നായയേ, എന്നെയൊ മററുള്ളവരെയൊ നീ ഉപദ്രവിക്കരുതെന്നു മ്ശിഹായുടെ നാമത്തിൽ ഞാൻ നിന്നോടു കല്പിക്കുന്നു." എന്നു പറഞ്ഞു. ഉടനെ ചെന്നായ വായ പൂട്ടുകയും അതിന്റെ ക്രൂരസ്വഭാവം മാററി ആട്ടിൻകുട്ടിയെപ്പോലെ ആയിത്തീരുകയും ചെയ്തു. അനന്തരം അതു് വിശുദ്ധന്റെ പാദാന്തികത്തിൽ വിശ്രമാർത്ഥം ശയിച്ചു. സ്വയരക്ഷക്കായി വിദൂരത്തിൽ സ്ഥിതിചെയ്തിരുന്ന പട്ടണവാസികൾ ഇതുകണ്ടു വിസ്മയഭരിതരായിത്തീർന്നു. വി. ഫ്രാൻസിസ് വീണ്ടും ആ ഹിംസ്രമൃഗത്തോടു ഇങ്ങിനെ പറഞ്ഞു: "എന്റെ സഹോദരനായ ചെന്നായയേ, നീ ആടുകളെയും കന്നുകാലികളെയും മാത്രമല്ല ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യരെപ്പോലും കൊന്നൊടുക്കി ഈ നാട്ടിൽ വലിയ നാശം വരുത്തിയിരിക്കുന്നു. തന്നിമിത്തം നിന്നെ ഒരു ഘാതകന്റെ നിലയിൽ തൂക്കിക്കൊല്ലേണ്ടതാണു്. എല്ലാവരും നിന്നെ ശിക്ഷിക്കണമെന്നാവശ്യപ്പെടുന്നു. എന്നാൽ ഞാൻ നിങ്ങൾ തമ്മിൽ സമാധാനമുണ്ടാക്കാം. ഇനി നീ അവരെ ഉപദ്രവിക്കാതിരിക്കാമെങ്കിൽ അവർ നിന്റെ ദ്രോഹങ്ങളെ ക്ഷമിക്കുകയും മനുഷ്യരും പട്ടികളും മേലാൽ നിന്നോടു സൌഹാർദ്ദമായി വർത്തിക്കുകയും ചെയ്യും." വിശുദ്ധൻ ആവശ്യപ്പെട്ടതുപോലെ ചെയ്വാൻ ചെന്നായ ഒരുക്കമാണെന്നു അതിന്റെ ചലനങ്ങൾകൊണ്ടു അതു സ്പഷ്ടമാക്കി. അദ്ദേഹം തുടർന്നുപറഞ്ഞു: "സഹോദരനായ ചെന്നായയേ, സമാധാനം പാലിക്കാൻ നീ തയ്യാറാണെന്നു കാണുന്നതിനാൽ നിനക്കാവശ്യമുള്ള ഭക്ഷണം നിന്റെ ജീവകാലം മുഴുവനും ഈ സ്ഥലനിവാസികൾ നിനക്കു തരുന്നതാണെന്നു ഞാൻ വാഗ്ദാനം ചെയ്യുന്നു. തന്നിമിത്തം ഇനി ഒരിക്കലും നീ ക്ഷുൽപീഡിതനായിത്തീരുന്നതല്ല. വിശപ്പുകൊണ്ടാണു് നീ അവരെ ഉപദ്രവിക്കാൻ ഇടയായതെന്നു എനിക്കറിയാം. നിനക്കു ഈ സഹായം ലഭിക്കുന്നതുകൊണ്ടു മേലാൽ നീ

മനുഷ്യരെയൊ മൃഗങ്ങളെയൊ ഹിംസിക്കുന്നതല്ലെന്നു വാഗ്ദാനം ചെയ്യാമോ?" ചെന്നായ ഒരു ചെമ്മരിയാടിനെപ്പോലെ തല കുനിച്ചു സമ്മതം കാണിച്ചു.

അനന്തരം വി. ഫ്രാൻസിസ് ചെന്നായയോടു തന്നെ അനുഗമിക്കുന്നതിനു കല്പിച്ചതനുസരിച്ചു അവൻ ചെയ്യുന്നതു കണ്ടു ജനങ്ങൾ അത്ഭുതപരതന്ത്രരായിത്തീൎന്നു. ജനങ്ങൾ കൂട്ടംകൂട്ടമായി ഓരോ വീടുകളുടെ മുൻവശത്തു് നിന്നിരുന്നു. അവരോടു വിശുദ്ധൻ, അവരുടെ പാപത്തിനു ശിക്ഷയായിട്ടാണു് ദൈവം ചെന്നായയേയും, ക്ഷാമത്തേയുംമററും യാത്രയാക്കിയതെന്നു പറഞ്ഞു.

ഒടുവിൽ വി. ഫ്രാൻസിസ് ഇങ്ങനെ പ്രസംഗം അവസാനിപ്പിച്ചു: "എൻെറ സഹോദരന്മാരേ, നിങ്ങളുടെ മുമ്പിൽ നില്ക്കുന്ന ഈ ചെന്നായ നിങ്ങളോടു സമാധാനമായിരിക്കാമെന്നു സമ്മതിച്ചിരിക്കുന്നു. നിങ്ങൾ ദിവസന്തോറും അവനു് ആവശ്യമുള്ള ഭക്ഷണം കൊടുക്കാമെന്നു വാഗ്ദാനം ചെയ്യാമോ?" എല്ലാവരും ഏകകണ്ഠമായി അങ്ങിനെ ചെയ്യാമെന്നു പറഞ്ഞു. ഉടനെ അദ്ദേഹം ചെന്നായയുടെ നേരെ തിരിഞ്ഞു്: "സഹോദരനായ ചെന്നായയേ, നീ നിൻെറ സമാധാന ഉടമ്പടി പാലിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്യുന്നോ?" എന്നു ചോദിച്ചു. ചെന്നായ മുട്ടുകുത്തി തലകുനിച്ചു സമ്മതഭാവം പ്രത്യക്ഷപ്പെടുത്തിക്കൊണ്ടു് അവൻെറ വലതു കൈ വിശുദ്ധൻെറ ഉള്ളങ്കയ്യിൽ വെച്ചു. ഈ ആപത്തിൽനിന്നു തങ്ങളെ രക്ഷിക്കുന്നതിനു ഒരു വിശുദ്ധനെ അയച്ച ദൈവത്തിനു ഉപകാരസ്മരണ ചെയ്തുകൊണ്ടു ജനങ്ങൾ പിരിഞ്ഞുപോയി.

ആ ചെന്നായ ഗ്രുബിയോയിലുള്ള വീടുകളിൽ ചെന്നു ഭക്ഷണം കഴിക്കുകയും ജനങ്ങളുടെയിടയിൽ സഞ്ചരിക്കുകയും ചെയ്തിരുന്നു. അവൻ വയലുകളിലും റോഡുകളിലും സഞ്ചരിക്കുമ്പോൾ ഒരു പട്ടിപോലും കുരച്ചിരുന്നില്ല. രണ്ടു കൊല്ലം കഴിഞ്ഞു സഹോദരനായ ചെന്നായ വാൎദ്ധക്യം നിമിത്തം ചത്തു. ഈ ചെന്നായയെ കാണുമ്പോൾ അവനെ് പിടിച്ചു മെരുക്കിയ വി. ഫ്രാ

ൻസീസിന്റെ ഓൎമ്മയാണ് ജനങ്ങൾക്കുണ്ടായിരുന്നത്. അനുസരണക്കേടു നിമിത്തം അധഃപതിക്കുന്നതിനുമുമ്പ് ആദത്തിനുണ്ടായിരുന്ന അധികാരമാണ് വി. ഫ്രാൻസിസ് മൃഗങ്ങളുടെമേൽ പ്രയോഗിച്ചിട്ടുള്ളതു്. — വി.

# വേദപുസ്തകവും കത്തോലിക്കാസഭയും.

(ശ്രീമാൻ അൻറണി കോയിത്തറ ബി. എ)

പഴയനിയമം, പുതിയ നിയമം, എന്നിങ്ങനെ രണ്ടായി വേദപുസ്തകം വിഭാഗിക്കപ്പെട്ടിരിക്കുന്നു. പഴയ നിയമം ഹീബ്രു ഭാഷയിലും പുതിയ നിയമം ഹീബ്രു, ലത്തീൻ, ഗ്രീക്ക്, എന്നീ ഭാഷകളിലുമാണ് പ്രഥമമായി ലേഖനം ചെയ്യപ്പെട്ടതു്.

വേദപുസ്തകത്തിന്റെ പ്രഥമഭാഗങ്ങൾ ക്രിസ്തുവിന്റെ ജനനത്തിനു ഉദ്ദേശം ൧൫൦൦ വത്സരങ്ങൾക്കുമുമ്പ് മൂശാനിവ്യായാൽ എഴുതപ്പെട്ടവയാണ്. അന്ത്യഭാഗം യേശുവിന്റെ കുരിശുമരണാനന്തരം ൬൭ വൎഷങ്ങൾക്കപ്പുറം യോഹന്നാൻ ശ്ലീഹായാൽ എഴുതപ്പെട്ടതുമത്രെ. ഇപ്രകാരം വേദപുസ്തകത്തിന്റെ ആരംഭവും അവസാനവും തമ്മിൽ ഉദ്ദേശം ൧൬൦൦ കൊല്ലങ്ങളുടെ അന്തരമുണ്ടു്. പഴയ നിയമത്തിന്റെ കൎത്താക്കൾ യഹൂദന്മാരാണ്. എന്നാൽ പുതിയ നിയമത്തിന്റെ കൎത്താക്കൾ സകലരുംതന്നെ കത്തോലിക്കാ മെത്രാന്മാരാണ്. പുതിയ നിയമം ആരംഭിച്ചതു് വിശുദ്ധ മത്തായി എവൻഗലീസ്തായത്രെ. ക്രിസ്താബ്ദം ൪൧-ൽ ആണ് അദ്ദേഹത്തിന്റെ സുവിശേഷം എഴുതപ്പെട്ടതു്. വിശുദ്ധ യോഹന്നാൻ ക്രിസ്താബ്ദം ൬൭-ൽ പുതിയ നിയമം എഴുതി അവസാനിപ്പിച്ചു. മ്ശിഹാ തന്റെ സഭയെ സ്ഥാപിച്ചതു് ക്രിസ്താബ്ദം ൩൩-ൽ ആണല്ലൊ. ൩൩ തുടങ്ങി ൪൧ വരെ, അതായതു് ൮ വത്സരക്കാലത്തേക്ക് പുതിയ നിയമത്തിന്റെ ഒരു വാചകംപോലുമുണ്ടായിരുന്നില്ല. ൩൩ തു

ടങ്ങിൻന്നു വരെ പുതിയ നിയമം പൂർത്തിയായിരുന്നുമില്ല. എ
ങ്കിലും അക്കാലമെല്ലാം കത്തോലിക്കാസഭ ലോകത്തിൽ നിലനി
ന്നുവെന്നുമാത്രമല്ല, ശ്ലീഹന്മാർ നാനാ ഭാഗങ്ങളിൽ ആ സന്ദേശ
ത്തെയ പ്രചരിപ്പിക്കുകയും ചെയ്തു. വേദപുസ്തകത്തിന്റെ അഭാ
വം ക്രിസ്തുമതപ്രചരണത്തിനു ഒട്ടും വിഘ്നമായി ഭവിച്ചില്ല. കാ
രണം വ്യക്തമാണ്. തന്റെ സഭയുടെ മൂലക്കല്ലായും അതിന്റെ
ഭരണചക്രത്തിന്റെ നടുനായകമായും യേശു നിർദ്ദേശിച്ചതു് വേ
ദപുസ്തകത്തെയല്ല, വിശുദ്ധ പത്രോസിനെയും അദ്ദേഹത്തിന്റെ
പിൻഗാമികളായ പാപ്പാമാരെയുമാണ്. തന്മൂലമത്രെ വേദപു
സ്തകത്തെമാത്രം അനുസരിക്കുന്ന പ്രോട്ടസ്റ്റാൻറുകാരാദിയായവർ
യേശുനാഥന്റെ വിശ്വസ്തസേവകന്മാരല്ല എന്നു തെളിയുന്ന
തു്. തന്മൂലംതന്നെയാണ് അത്തരം കപടപഠനങ്ങളെ സാക്ഷാ
ൽ ക്രിസ്തീയ സഭയാകുന്ന കത്തോലിക്കാസഭ നിഷേധിക്കുന്നതും.

ജെറുസലേം, റോമാ, കൊറീന്തു്, തെസ്സലോണിയാ ആദി
യായ പ്രദേശങ്ങളിൽ വെച്ചാണ് പുതിയ നിയമം എഴുതപ്പെട്ട
തു്. ചിതറിക്കിടന്നിരുന്ന പുതിയ നിയമത്തിന്റെ വിവിധ ഭാ
ഗങ്ങളെ പുസ്തകരൂപത്തിൽ ശേഖരിച്ചു പഴയ നിയമവുമായി
"ബൈബിൾ" എന്ന പേരിൽ സംഘടിപ്പിച്ചതു് കത്തോലിക്കാ
സഭയാണ്. അന്നാൾ തുടങ്ങി ഇന്നുവരെ വേദപുസ്തകത്തെ പ്ര
സിദ്ധീകരിക്കുന്നതിലും പരിഭാഷപ്പെടുത്തുന്നതിലും സഭ അത്യു
ത്സാഹം പ്രദർശിപ്പിക്കുന്നുണ്ടു്. എന്നാലും, "കത്തോലിക്കാ സഭ
വേദപുസ്തകപാരായണത്തെ തടയുന്നു" എന്നാണ് പല അക
ത്തോലിക്കാ സഹോദരങ്ങളുടെയും നിരന്തരമുള്ള പരാതി.

ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവനെങ്കിലും പ്രായംകൊണ്ടു
ചെറുപ്പമായ ഒരു യാക്കോബായ സ്നേഹിതൻ ഇതെഴുതുന്നയാ
ളോടു ഒരവസരത്തിൽ ഏതാണ്ടു താഴെ കാണുംവിധം പ്രസ്താ
വിക്കയുണ്ടായി. "കത്തോലിക്കാമതത്തിന്റെ പഠനങ്ങൾ തര
ക്കേടില്ല. ഭരണഘടനയും നല്ലതുതന്നെയാണ്. മററു ക്രൈസ്തവ
വിഭാഗങ്ങളിലുള്ളതുപോലെയുള്ള തൊഴുത്തിൽ കുത്തും വഴക്കും
പൊല്ലാപ്പുമെല്ലാം കത്തോലിക്കാ സഭയിൽ ഇല്ല എന്നു സമ്മ

തിക്കുകതന്നെവേണം. പക്ഷെ ഒരുകൂട്ടംമാത്രം എനിക്കു മനസ്സിലാകുന്നില്ല. വേദപുസ്തകം വായിക്കുന്നതിനു കത്തോലിക്കാ വൈദികർ ജനങ്ങളെ അനുവദിക്കാത്തതു എന്തുകൊണ്ടാണ്? നിശ്ചയമായും അതിൽ എന്തൊക്കെയൊ ഗൂഢോദ്ദേശങ്ങളുണ്ട്. എന്തൊരു അന്യായമാണ്? ബൈബിൾ വായിച്ചുകൂടപോലും! വായിച്ചാൽ പാപം പിഴക്കും. പട്ടക്കാരോടു കുമ്പസാരിച്ചാൽ മാത്രമെ ആ പാപം പൊറുക്കപ്പെടുകയുള്ളൂ. ഇതൊക്കെ അജ്ഞാനത്തിന്റെയും വഞ്ചനയുടെയും കാതൽ തന്നെയാണ്. ഈശ്വരദത്തമായിരിക്കുന്ന വേദപുസ്തകത്തെ പാരായണം ചെയ്യുന്നതിനുള്ള സൌഭാഗ്യം പൊതുജനങ്ങൾക്കു അനുവദിക്കാത്തതിൽപരം മഹാപരാധം മറെറാന്നുണ്ടോ? കത്തോലിക്കാ പട്ടക്കാരുടെയും മെത്രാന്മാരുടെയും മനഃസ്ഥിതിയും മതബോധവും എത്രയും ജുഗുപ്സാവഹംതന്നെ." വിദ്വാൻ ഇത്രയും ശ്വാസംമുട്ടി പറഞ്ഞുനിർത്തി. പക്ഷെ തൃപ്തിയായില്ല വീണ്ടും എന്തൊക്കെയൊ പറയുന്നതിനാരംഭിച്ചു. ഞാൻ തടഞ്ഞില്ലായിരുന്നുവെങ്കിൽ കത്തോലിക്കാസഭയുടെ ആ "മഹാപരാധ"ത്തെ എത്ര നേരമെങ്കിലും അയാൾ വാചാലതാപൂർവ്വം വർണ്ണിക്കുമായിരുന്നു. എന്നാൽ ഏകദേശം മുക്കാൽ മണിക്കൂർനേരം ദീർഘിച്ച ഞങ്ങളുടെ സംഭാഷണം അവസാനിച്ചപ്പോൾ ആ സുഹൃത്തിന്റെ ഭാവം കാണേണ്ടതുതന്നെയായിരുന്നു. സ്വന്തം തെററു അയാൾ ഗ്രഹിച്ചു. അയാൾ അതു സമ്മതിക്കുകയുംചെയ്തു. മർക്കടമുഷ്ടി ഒട്ടും പ്രകടിപ്പിച്ചില്ല. ഇംഗ്ലീഷും മലയാളവും കലർന്ന മിശ്രഭാഷയിൽ അയാൾ ക്ഷമാപണം തുടങ്ങി. തെററിദ്ധാരണ "മഹാപരാധ"ങ്ങൾക്കു ഹേതുഭൂതമെന്നു അയാൾക്കു മനസ്സിലായി. ഹൃദയശുദ്ധതയും വിശാലമനസ്കതയും ലോകത്തിൽ നാമാവശേഷമായിട്ടില്ലെന്നു എനിക്കും മനസ്സിലായി.

വേദപുസ്തകം ഈശ്വരപ്രകാശിതമെന്നും തൽപാരായണം ജനാവലിയുടെ മതവിശ്വാസത്തെ ഊർജ്ജിതപ്പെടുത്തുമെന്നും കത്തോലിക്കാസഭാധികൃതന്മാർക്കു നല്ലപോലെ അറിയാം. മാത്രമല്ല, അവർക്കു വേറൊരു വാസ്തവംകൂടി നന്നായി അറിയാം: "അര

വൈദ്യൻ ആളെക്കൊല്ലും" എന്നുള്ള പഴമൊഴിയുടെ സാരം അവർ പൂർണ്ണമായി ഗ്രഹിച്ചിട്ടുണ്ട്. പരിപൂർണ്ണ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ഒരു വൈദ്യവിശാരദൻ "കൊടിമൂത്ത" രോഗങ്ങൾ തന്നെയും ഭേദമാക്കും. അത്തരം ഭിഷഗ്വരന്മാരുടെ സഹായം രോഗാക്രാന്തന്മാരായവർ അഭ്യർത്ഥിക്കേണ്ടതുതന്നെയാണ്. മനഃപൂർവ്വം അഭ്യർത്ഥിക്കാതിരിക്കുന്നത് നിശ്ചയമായും ഒരു അപരാധമായിരിക്കും. എന്നാൽ വേണ്ടത്തക്ക പഠനവും പാടവവും ഇല്ലാതെ വൈദ്യവേഷം കെട്ടി നടക്കുന്ന വഞ്ചകന്മാരുടെ അടുക്കൽ രോഗപീഡിതന്മാരാണെങ്കിലും ബുദ്ധിമാന്മാരായിട്ടുള്ളവർ പോകുമോ? ഒരിക്കലുമില്ല. അത്തരം വൈദ്യനാമധാരികൾക്കു ചികിത്സാസംബന്ധമായി എന്തൊ ചിലതൊക്കെ അറിയാമെങ്കിലും ശരീരഘടനയെയും രോഗോല്പത്തിയെയും പററിയുള്ള പൂർണ്ണജ്ഞാനം സിദ്ധിച്ചിട്ടില്ല. അവരുടെ അപൂർണ്ണജ്ഞാനം പലപ്പോഴും ഗുണത്തെക്കാൾ അധികം ദോഷത്തെയാണ് വരുത്തിക്കൂട്ടുക. പാണ്ഡിത്യമുള്ള വൈദ്യന്മാരും "മുറിവൈദ്യന്മാരും" തമ്മിലുള്ള ഈ അന്തരം തന്നെയാണ് ഈശ്വരപ്രകാശിതമായ സാക്ഷാൽ വേദപുസ്തകവും ആ വേഷം അണിയുവാൻ ശ്രമിക്കുന്ന മററു പുസ്തകങ്ങളും തമ്മിലുള്ളത്.

പ്രോട്ടസ്റ്റാൻറ് വേദപുസ്തകങ്ങൾ ദൈവനിശ്വാസത്താൽ ലേഖനം ചെയ്യപ്പെട്ടതായ ആ യഥാർത്ഥ വേദപുസ്തകത്തിൻെറ സകല ഭാഗങ്ങളെയും അടക്കിക്കൊള്ളുന്നില്ല. ഓരോ പ്രസിദ്ധീകരണകർത്താവിൻെറയും സ്വേച്ഛാനുസാരം കൂട്ടുകയും കുറക്കുകയും ചെയ്യപ്പെട്ടിട്ടുള്ള ആ പുസ്തകങ്ങളുടെ ഉള്ളടക്കം ഈശ്വരപ്രകാശിതമെന്നു ഒരിക്കലും പറഞ്ഞുകൂടാ. കൂടാതെയും, അത്തരം പുസ്തകങ്ങളിലെ വാക്യങ്ങളെ ഓരോരുത്തരും യഥേഷ്ടം തർജ്ജിമചെയ്യുന്നതിനും വ്യാഖ്യാനിക്കുന്നതിനും അകത്തോലിക്കാസഭകൾ സമ്മതിക്കുന്നു. ഒരു രാജ്യത്തിലെ നിയമസംഹിതയെ ഇഷ്ടാനുസരണം തർജ്ജിമചെയ്യുന്നതിനും വ്യാഖ്യാനിക്കുന്നതിനും പ്രയോഗിക്കുന്നതിനുമുള്ള സ്വാതന്ത്ര്യവും അധികാരവും രാജ്യത്തിലെ വ്യക്തികൾക്കു രാജാവു നൽകുന്നതായാൽ അതിൽപ

രം ഭീമാബദ്ധം വേറൊന്നില്ല എന്ന് ആരും സമ്മതിക്കും. അവസാനമില്ലാത്ത അഭിപ്രായവ്യത്യാസവും വഴക്കും കലാപവും ആയിരിക്കും ഫലം. തന്മൂലമാണ് പരിഷ്കൃതരാജ്യങ്ങളിൽ നിയമങ്ങൾ വ്യാഖ്യാനിക്കുന്നതിനും പ്രയോഗിക്കുന്നതിനുമുള്ള പരമാധികാരം രാജപ്രതിനിധിയായ ന്യായാധിപതിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഇതുപ്രകാരംതന്നെ വേദപുസ്തകമാകുന്ന നിയമസംഹിതയെ വ്യാഖ്യാനിക്കുന്നതിനുള്ള സർവ്വാധികാരങ്ങളും മ്ശിഹായുടെ പ്രതിനിധിയായ മാർപ്പാപ്പാക്കാണ് ദത്തമായിരിക്കുന്നത്. ക്രിസ്തുരാജൻെറ വാക്കുകൾതന്നെ ഈ വാസ്തവത്തിനു ലക്ഷ്യങ്ങളാണ്. ആകയാൽ മാർപ്പാപ്പായുടെ അനുവാദം കൂടാതെ തർജ്ജമ ചെയ്യപ്പെട്ടതോ വ്യാഖ്യാനിക്കപ്പെട്ടതോ ആയ യാതൊരു പുസ്തകവും "വേദപുസ്തകം" എന്ന ആ പരിശുദ്ധ നാമത്തെ അർഹിക്കുന്നില്ല. മാർപ്പാപ്പായുടെ അനുമതി വേദപുസ്തകപ്രസിദ്ധീകരണത്തിനു കൂടിയേ തീരു. നിർഭാഗ്യവശാൽ അകത്തോലിക്കാ വേദപുസ്തകങ്ങൾ ഒന്നുംതന്നെ പ്രസ്തുത അനുമതിപൂർവ്വം പ്രകടിതമാകുന്നില്ല. തദ്വാരാ, അവയിലൊന്നിനുംതന്നെ വേദപുസ്തകമെന്ന പേരിനർഹതയില്ലെന്നു സിദ്ധം.

ഇത്തരം കപടവേദപുസ്തകങ്ങളുടെ പാരായണത്തെയാണ് കത്തോലിക്കാ സഭ തടയുന്നത്. വാത്സല്യമുള്ള മാതാവ് കള്ളവൈദ്യന്മാരുടെ പിഴച്ച മരുന്നുകൾ സ്വപുത്രനു നല്കാത്തതുപോലെതന്നെ, കത്തോലിക്കാ സഭയാകുന്ന മാതാവ് ദുഷിച്ച ബൈബിളുകളിലെ അബദ്ധച്ചുരക്കകളെ ആസ്വദിക്കുന്നതിനു സ്വപുത്രരായ വിശ്വാസികളെ അനുവദിക്കുന്നില്ല. അവരുടെ ആത്മീകാരോഗ്യത്തേയും അഭ്യുദയത്തേയും ആ നല്ല മാതാവ് കാംക്ഷിക്കുന്നു എന്നതുതന്നെ ഇതിനു കാരണം. എന്നാൽ ശരിയായ വേദപുസ്തകത്തെ—ഈശ്വരപ്രകാശിതവും യേശുവിൻെറ പ്രതിനിധിയായ മാർപ്പാപ്പായുടെ നേതൃത്വത്തിൽ പ്രസിദ്ധീകൃതവും ആകുന്ന ആ പരിപാവന പുസ്തകത്തെ—വായിക്കുന്നതിനു കത്തോലിക്കാസഭ സ്വപുത്രരെ തടയുന്നില്ല, പ്രത്യുത, പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്.

പക്ഷെ, പല അകത്തോലിക്കരും ഭീമമായ അബദ്ധധാരണയാൽ ദയനീയമാംവിധം കുഴങ്ങിക്കിടക്കുകയാണ്. "മദ്ധ്യശതകങ്ങളിൽ കത്തോലിക്കാസഭ വേദപുസ്തകത്തെ ജനാവലിയിൽനിന്നു മറച്ചുവെച്ചിരുന്നു; മാർട്ടിൻ ലൂത്തറാണ് ക്രിസ്ത്വാബ്ദം ൧൫൨൧-ൽ വേദപുസ്തകത്തെ കണ്ടെടുത്തതും ലോകസമക്ഷം അവതരിപ്പിച്ചതും"—എന്നും മറ്റും അവർ കണ്ണുമടച്ചു തട്ടിമൂളിക്കും. അവരിൽ പലരും അപ്രകാരംതന്നെ വിശ്വസിക്കുന്നവരുമായിരിക്കും. പക്ഷെ നിസ്തർക്കങ്ങളായ ചരിത്രലക്ഷ്യങ്ങൾ അത്തരം വിശ്വാസത്തെ ഒരുവിധത്തിലും അനുകൂലിക്കുന്നില്ല.

"മിഷിഗൻ" സർവ്വകലാശാലയിൽ പ്രൊഫസ്സറായിരുന്ന വാറൻ ഫ്ളോറർ എന്ന പണ്ഡിതൻ ൧൯൧൫-ൽ പ്രസിദ്ധപ്പെടുത്തിയ ഒരു ലഘുലേഖയിൽ ഉദ്ധരിക്കപ്പെട്ടിരിക്കുന്ന അവിതർക്കിതങ്ങളായ ചരിത്രലക്ഷ്യങ്ങൾ, ലൂത്തർ വേദപുസ്തകത്തെ ജനാവലിക്കു നല്കി എന്നുള്ള പ്രോട്ടസ്റ്റാൻറു വാദത്തെ പരിച്ഛേദം ഖണ്ഡിക്കുന്നവയാണ്. ലൂത്തറിൻെറ ജനനത്തിനുമുമ്പുതന്നെ ജർമ്മൻ ഭാഷയിൽ ഉൽഭൂതങ്ങളായിരുന്ന കത്തോലിക്കാ വേദപുസ്തകങ്ങളുടെ സഹായത്തോടുകൂടി മാത്രമാണ് അയാൾ തൻെറ പ്രോട്ടസ്റ്റാൻറ് വേദപുസ്തകനിർമ്മാണം സാധിച്ചത്. ൧൫൨൧-ാം കൊല്ലത്തിനു അനേക ശതാബ്ദങ്ങൾക്കുമുമ്പുതന്നെ കത്തോലിക്കാസഭയിലെ നമസ്കാരങ്ങൾ, തിരുകർമ്മങ്ങൾ, പ്രസംഗങ്ങൾ, ലേഖനങ്ങൾ മുതലായവയിൽ വേദപുസ്തകത്തിൽനിന്നു ധാരാളം ഉദ്ധാരണങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. അക്കാലങ്ങളിൽ പ്രസംഗപീഠങ്ങളിൽനിന്നു വൈദികൻ വേദപുസ്തകം അദ്ധ്യാനികളെ പലപ്പോഴും വായിച്ചു കേൾപ്പിച്ചിരുന്നു. അതിനും പുറമെ, ജനതതി സ്വച്ഛന്ദം പാരായണം ചെയ്തുകൊള്ളുന്നതിനായി വേദപുസ്തകത്തിൻെറ പ്രതികൾ പള്ളികളിലും സന്യാസസഭകളിലും സൂക്ഷിക്കാറുമുണ്ടായിരുന്നു. അച്ചടിവിദ്യ നടപ്പില്ലാതിരുന്ന ആ പുരാതനകാലങ്ങളിൽ വേദപുസ്തകപ്രതികൾ നിർമ്മിക്കുന്നതിനുള്ള ഏകമാർഗ്ഗം 'കയ്യെഴുത്ത്' ആയിരുന്നു. ആ ജോലിയിൽ ഏർപ്പെട്ടിരുന്നവർ പ്രധാനമായി കത്തോലി

ക്കാ സന്ന്യാസികളത്രെ. ഒരാൾ തികച്ചും രണ്ടു കൊല്ലം ബുദ്ധിമു ട്ടിയാൽ മാത്രമെ ബൈബിളിൻെറ ഒരു പ്രതി എഴുതിത്തീൎന്നിരു ന്നുള്ളു. ഒരു പ്രോട്ടസ്റ്റാൻറു പണ്ഡിതനായ ബക്കിങ്ങ്ഹാം സാ ക്ഷിക്കുംപോലെ, പ്രയത്നക്കൂലിയും സാമാനവിലയും കണക്കാ ക്കുമ്പോൾ അക്കാലങ്ങളിൽ വേദപുസ്തകത്തിൻെറ ഒരു പ്രതിക്കു ൩൦൦൦ ക. യിൽ അധികം വില ഉണ്ടായിരുന്നു. ഇത്രയധികം വിലയുള്ള പുസ്തകങ്ങളായിരുന്നിട്ടും കത്തോലിക്കാ പള്ളികളിലും സന്ന്യാസഭവനങ്ങളിലും പൊതുജനോപയോഗത്തിനായി വേദ പുസ്തകപ്രതികൾ സൂക്ഷിച്ചിരുന്നു എന്നുള്ളതു് ജനാവലിയുടെ യിടയിൽ വേദപുസ്തകപാരായണതല്പരതയെ ഉജ്ജ്വലിപ്പിക്കു ന്നതിനു കത്തോലിക്കാ സഭാധികൃതന്മാൎക്കുണ്ടായിരുന്ന തീവ്രവാ ഞ്ഛയെയല്ലെങ്കിൽ പിന്നെന്തിനെയാണു് തെളിയിക്കുന്നതു്.

വേദപുസ്തക പാരായണത്തെ പ്രോത്സാഹിപ്പിക്കുന്നതിനു കത്തോലിക്കാസഭ സൎവ്വദാ സന്നദ്ധമായിരുന്നു എന്നതിനു മ റെറാരു തെളിവു് വേദപുസ്തകപരിഭാഷയിൽ സഭാനാഥന്മാൎക്കു ണ്ടായിരുന്ന നിസ്സീമമായ താല്പൎയ്യമാണു്. താഴെ ചേൎക്കുന്നതു് ചുരുക്കം ചില ഉദാഹരണങ്ങൾ മാത്രമത്രെ. ക്രിസ്ത്വബ്ദം ഒന്നും ര ണ്ടും നൂറാണ്ടുകളിൽ, അൎമ്മീനിയൻ, സുറിയാനി, കോപ്ടിക്, അറാബിക്, എത്തിയോപ്പിക്, ലത്തീൻ, എന്നീ ഭാഷകളിൽ വേദപുസ്തകം തൎജ്ജമ ചെയ്യപ്പെട്ടു. ൩൮൩—൪൦൪ എന്നീ വ ൎഷങ്ങൾക്കിടക്കു് പണ്ഡിതവൎയ്യനും സന്ന്യാസിപ്രവരനുമായ വി ശുദ്ധ ജറോം, ഒന്നാം ദൊമാസൂസ് മാൎപ്പാപ്പായുടെ കല്പനപ്രകാ രം വേദപുസ്തകത്തെ ലത്തീനിൽ വീണ്ടും പരിഭാഷപ്പെടുത്തി. ബൈബിളിൻെറ ഈ പതിപ്പാണു് ഇംഗ്ലീഷിലും മററും "വൾ ഗേററ്" എന്ന നാമത്തിൽ അറിയപ്പെടുന്നതു്. ൩൮൮-ൽ ച രമഗതി പ്രാപിച്ച ഉൾഫിലാസ് മെത്രാൻ വേദപുസ്തകം ഗോ ത്തിക് ഭാഷയിൽ തൎജ്ജമചെയ്തു. ജൎമ്മൻ ഭാഷയിൽ ൭-ാം ശ താബ്ദത്തിൽതന്നെ വേദപുസ്തകതൎജ്ജമയുണ്ടായിരുന്നു. ഐ റിഷ് ഭാഷയിൽ ൯-ാം ശതാബ്ദത്തിലും തൎജ്ജമകൾ ഉണ്ടായ തായി ലക്ഷ്യങ്ങൾ ഉണ്ടു്. ചുരുക്കിപ്പറയുന്നതായാൽ ഏതെങ്കി

ലും ഒരു പുതിയ രാജ്യക്കാർ കത്തോലിക്കരായിത്തീന്നാലുടനെ അവരുടെ ഉപയോഗത്തിനായി അവരുടെ മാതൃഭാഷയിൽ വേദപുസ്തകം തർജ്ജമ ചെയ്യുന്ന കാര്യത്തിൽ കത്തോലിക്കാസഭയും തദ്ദേശ്യോഗസ്ഥന്മാരായ വൈദികവൃന്ദങ്ങളും സദാ ജാഗരൂകന്മാരായിരുന്നു. തന്മൂലമാണല്ലോ ആംഗ്ലോസാക്സൺ, ഇംഗ്ലീഷ്, വെൽഷ്, സ്വീഡിഷ്, നോർവീജിയൻ, ഹങ്കേറിയൻ, ബൊഹീമയൻ, ഫ്രെഞ്ച്, ഇററാല്യൻ, സ്പാനിഷ്, എന്നീ ഭാഷകളിലെല്ലാം എത്രയും പൂർവ്വകാലങ്ങളിൽ തന്നെ വേദപുസ്തക പരിഭാഷ ഉണ്ടായത്. ഒരു സംഗതി ഇത്തരുണത്തിൽ പ്രത്യേകം സ്മർത്തവ്യമാണ്. ഈ പരിഭാഷകളെല്ലാം നടന്നത് പ്രോട്ടസ്റ്റാൻറു മതത്തിൻെറയും തൽപ്രണേതാക്കളായ ലൂത്തർ പ്രഭൃതികളുടെയും ആവിർഭാവത്തിനു വളരെക്കാലങ്ങൾക്കു മുമ്പായിരുന്നു. ലൂത്തറാണ് പൊതുജനങ്ങൾക്കു വേദപുസ്തകത്തെ പ്രദാനംചെയ്തത് എന്നുള്ള വിശ്വാസം ഭോഷത്വത്തിൻെറ അഥവാ അബദ്ധധാരണയുടെ പരമകാഷ്ഠയാണെന്നു തദ്വാരാ വ്യക്തമാകുന്നു.

കത്തോലിക്കാസഭ വേദപുസ്തകപാരായണത്തെ അതീതകാലങ്ങളിൽ തടഞ്ഞിട്ടില്ല, ഇനി ഒരിക്കലും തടയുകയുമില്ല. ദണ്ഡവിമോചനങ്ങൾ ആദിയായ അദ്ധ്യാത്മിക വരങ്ങളുടെ ദാനങ്ങളാൽ വേദപുസ്തകപാരായണത്തിനു ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് സഭാമാതാവിൻെറ കൃത്യം. സ്വനാഥനായ ശ്രീയേശുവിൻെറ ആശയാഭിലാഷങ്ങളെ ഉച്ചൈസ്തരം ഉൽഘോഷിക്കുന്ന ആ വിശുദ്ധ പുസ്തകത്തിനു ലോകമാസകലം പ്രചുരപ്രചാരം സിദ്ധിക്കുന്നതിനെക്കാൾ സന്തോഷഹേതുകമായി എന്താണ് കത്തോലിക്കാസഭക്കുണ്ടാകാവുന്നത് ?

വിഷമങ്ങളിൽനിന്നു നീ പിന്മാറരുത്. അവ നിൻെറ ശക്തിയെ കവിഞ്ഞവയാണെന്നു നിനക്കു തോന്നിയാലും, എല്ലാവരോടും അനുകമ്പയുള്ളവനായി നീ വർത്തിക്കണം.

—കുരിശിൻെറ വിശുദ്ധ യോഹന്നാൻ.

# ജപമാലയാൽ.

(ശ്രീമാൻ ജി. എസ്. കണ്ണനാശ്ശൂൽ)

1. ഭീപാരമെന്നിലണയും പടിതെറ്റു ചെയ്തി-
ട്ടാപാദമസ്തകമിവൻ വിറയാർന്നിരിക്കേ,
ഹാ! പാവനാംഗി, മരിയാംബിക, കൈത്തലത്തിൽ
താപാരിനന്ദനനുമൊത്തരികത്തണഞ്ഞാൾ!

2. "വത്സാ! വെടിഞ്ഞിടുക, നിന്റെ യധൈര്യമെല്ലാം
വാത്സല്യമോടു സകലേശ പദം ഭജിക്ക-
തൽസേവനാസവമതിൽ ദ്രവമാകുമല്ലോ
ചിൽക്കാതലിന്നു രുജമേകമഘോഗ്രശൈലം."

3. ഏവം കനിഞ്ഞു കരുണാത്മികയെന്നെ നോക്കി-
ട്ടാവൻവിഷാദമൊഴിയും മൊഴിയോതിയപ്പോൾ,
വൈവശ്യമാറി, മനമൊട്ടു കുളിർത്തു മോദ-
ഭാവത്തിൽ ഞാൻ നെടിയതാമൊരുവീർപ്പുവിട്ടു.

4. മേലോട്ടുയർന്ന മമ ദൃഷ്ടിയിലുൽപതിച്ചി-
താലോല ദിവ്യ ശിശുവിൻവദനാരവിന്ദം,
ആലോകനത്തിലമൃതാംശുപൊഴിച്ചുമിന്നു-
മാലോകസീമയുമലം കമനിയമായി.

5. വാനോരിറങ്ങിയുയരങ്ങളലംകരിച്ചു
തേനോലുമാശ്ലുതരഗീതി മുഴക്കിവാണു,
ഞാനോ, ഭൃശം ഭയമകന്നൊരുകാട്ടിലാളും
മാനോടുതുല്യമതുനോക്കി മിഴിച്ചുനിന്നു!

6. എമ്പാടുമത്ര സുരലോകസമാനമായി-
ട്ടമ്പാ! വിളങ്ങി, സുഖദം സുമഗന്ധമാർന്നു,
അമ്പാളുമർഭകനകം തെളിവാർന്നു തൂവി-
യെൻപാപശാന്തിയരുളുന്നൊരു മന്ദഹാസം!

7. പാരം ജ്വലിക്കുമിനബിംബമണിഞ്ഞ വസ്ത്രം,
സ്വൈരം കഴൽക്കുഡുപതിക്കലയാം സുപീഠം,
താരങ്ങൾ ചേർന്നു വിരചിച്ച മണിക്കിരീട-
മാരമ്യരൂപമിവയൊത്തതുലം, മനോജ്ഞം!

8. ഇക്കാണ്മതെന്റെ മഹിതാംബികതന്നെയെന്നെ-
ന്നുൾക്കാമ്പിലപ്പൊഴുതു ചെററുളവായ ബോധം
നില്ക്കാത്തുക ഭക്തിധരിയായുയരുന്നു — പെട്ടെ-
ന്നക്കാഴ്ച — ഹാ! ഹാ! — ദിവിമങ്ങിമറഞ്ഞിടുന്നു!

× × × ×

9. പാദം തൊഴാം, ജനനി! എന്നെ മറന്നിടാതെൻ
മോദത്തിലും, ദുരിതഭാരമതിങ്കലും, താൻ
ഭേദംവിനാ, മരണവേളയിലും തുണച്ചെൻ
ഖേദം കളഞ്ഞിടണ,മിപ്പടി,യെന്നിരന്നേൻ.

× × × ×

10. അപരാഹ്നമൊന്നിലതിഭക്തിനിഷ്ഠയിൽ
ജപമാലയേന്തി, ജപമുച്ചരിക്കവേ,
കൃപയേറുമംബയിവനേകി,യിക്കഥ-
സ്സുപദേശ, മത്ര വിലയിച്ച ചിന്തയിൽ.

---

## ജീവിതസ്ഥിതികൾ. (തുടർച്ച)

റവ. ഫാദർ ഫ്രാൻസിസ് സി. ഡി.

വിവാഹ ജീവിതത്തേക്കുറിച്ചു അനുഗതമായി ഏതാനും ചിലതെല്ലാംകൂടി പ്രസ്താവിക്കാനുണ്ട്. ദൈവം തങ്ങളെ വിവാഹജീവിതത്തിനാണ് വിളിച്ചിരിക്കുന്നതെന്നറിയുന്നവർ ആ വിളിയെ പരിത്യജിക്കുന്നത് അവൾക്കു കുററകരമായേക്കുമൊ എന്നൊരു പ്രശ്നമുണ്ടായേക്കാം. ശരിയായ സമാധാനം നൽകുന്നതിനായി ഇങ്ങനെയുള്ളവരുടെ ഉദ്ദേശത്തേയാണ് നാം സംശോധിക്കേണ്ടത്. ഐഹികസുഖങ്ങൾ യഥേഷ്ടം അനുഭവിക്കുന്നതിനും, ജീവിതസ്ഥിതിയുടെ ഗൗരവാവഹങ്ങളായ കർത്തവ്യകർമ്മങ്ങളിൽനിന്നും ചുമതലകളിൽനിന്നും നിർവൃതിപ്രാപിക്കുന്നതിനുംവേണ്ടി ദാമ്പത്യജീവിതം കൈവെടിയുന്നവരുണ്ട്. സ്വാ

ത്ഥലോലുപരായി, ഇഹത്തിൽ ദൈവം തങ്ങൾക്കു നിശ്ചയിച്ചിരിക്കുന്ന കൃത്യനിർവ്വഹണത്തിന് വിമുഖരായി, അങ്ങേ ആരാധ്യമായ അഭീഷ്ടങ്ങൾക്കു വിരോധമായി പ്രവർത്തിക്കുന്നവരാണ് ഇക്കൂട്ടർ. പ്രകൃത്യാതന്നെ ദൈവദാസനായ മനുഷ്യൻ, ഒരു വ്യക്തി എന്ന നിലയിലും ഒരു സമുദായത്തിന്റെ അംഗമെന്ന നിലയിലും, യഥാവിധി പ്രവർത്തിച്ചുകൊണ്ടാണ് അവന്റെ പരമാന്ത്യം സംപ്രാപിക്കേണ്ടതു്. ഏതദ്വാരാ വ്യക്തിപരമായും സാമുദായികമായുമുള്ള രണ്ടു നിലകളിൽ അവരെക്കുറിച്ചുള്ള ദൈവികോദ്ദേശങ്ങളെ പാഴാക്കി, സ്വാർത്ഥപ്രമത്തതയാൽ പാപജീവിതത്തിനു തങ്ങളെത്തന്നെ സമർപ്പിക്കുന്നവരെപ്പററി എന്റെ വായനക്കാർതന്നെ വിധിചെയ്യട്ടെ. വേറെ ചിലർ നീചവും പാപകരവുമായ ഉദ്ദേശത്തോടുകൂടെ അവിവാഹിതരായി ജീവിക്കുന്നവരാണ്. തങ്ങളുടെ അന്തരംഗങ്ങളിൽ സദാ ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്ന വിഷയാസക്തിയാകുന്ന വിഷവഹ്നിയെ ഉപര്യുപരി ഉജ്ജ്വലത്താക്കി സംതൃപ്തിയടയുന്നതിലാണ് ഇവരുടെ പരമാനന്ദം. ഇവർ വിവാഹജീവിതത്തെ സംത്യജിക്കുന്നതു് പാപകരവും നാശകരവുമാണെന്നു സ്പഷ്ടമാണല്ലോ. എന്നാൽ മൂന്നാമതൊരുകൂട്ടർ സ്വഭാവാതീതവും സംശുദ്ധവും സുകൃതപരവുമായ ഉദ്ദേശത്തോടുകൂടെ ദാമ്പത്യസുഖത്തെ കൈവെടിയുന്നു എന്നിരിക്കട്ടെ. വിവാഹജീവിതസ്ഥിതിയെക്കാൾ ഉൽകൃഷ്ടവും പരിപൂർണ്ണതരവും ദൈവത്തിനു കൂടുതൽ പ്രസാദജനകവും കൂടുതൽ സമ്മാനാർഹവുമായ ഒരു ജീവിതസ്ഥിതി അവർ സ്വതന്ത്രമായി തിരഞ്ഞെടുക്കുന്നതുകൊണ്ടും തദ്വിഷയത്തിൽ അവരുടെ ഉദ്ദേശസംശുദ്ധികൊണ്ടും അവരുടെ പ്രവൃത്തി സർവ്വഥാ ശ്ലാഘനീയമാണെന്നുള്ളതു് നിസ്തക്കമാണ്.

പക്ഷെ ഓരോരുത്തരും അവരവരുടെ വിളികളെ അനുസരിക്കണം എന്നിരിക്കെ, ദാമ്പത്യജീവിതത്തിനു വിളിക്കപ്പെട്ടിരിക്കുന്നവർ ആ വിളിയെ പരിത്യജിച്ചു വേറൊന്നിനെ അനുഗമിക്കുന്നതു അഭിനന്ദനീയമാണ് എന്നു പറയുന്നതിൽ പ്രഥമദൃഷ്ട്യാ പൂർവ്വാപരവിരുദ്ധതയുണ്ടെന്നു തോന്നിയേക്കാം. എന്നാ

ൽ വാസ്തവം അങ്ങിനെയല്ല, എല്ലാവൎക്കുമല്ലെങ്കിലും ഏതാനും പേൎക്കെങ്കിലും ദാമ്പത്യത്തിനുള്ള വിളിയോടുകൂടിത്തന്നെ അതിനെക്കാൾ ഉൽകൃഷ്ടമായ ഏതെങ്കിലും ഒരു ജീവിതം അവലംബിക്കുന്നതിനു വേണ്ട സ്വാതന്ത്ര്യത്തോടെയും അതേസമയം നൽകപ്പെട്ടിട്ടുണ്ടെന്നുള്ളതാണ് ഈ വ്യത്യാസത്തിന്റെ കാരണം. അതായത് വിവാഹജീവിതസ്ഥിതിക്കു വിളിക്കപ്പെട്ടിരിക്കുന്നവൎക്കു ശപഥങ്ങ (വ്രതങ്ങൾ) ളോടുകൂടെയൊ, അല്ലാതെയൊ, അവിവാഹിതമായ അഥവാ ചാരിത്ര്യകരമായ ഒരു ജീവിതസ്ഥിതി ലോകത്തിൽത്തന്നെ അവൎക്കു തിരഞ്ഞെടുക്കാം. അല്ലെങ്കിൽ ലോകജീവിതം ഉപേക്ഷിച്ചു ദൈവത്തിന്റെ പ്രത്യേകശുശ്രൂഷയ്ക്കായി ദാരിദ്ര്യം, ചാരിത്രശുദ്ധി, ആജ്ഞാനുസരണം എന്നീ ത്രിവിധ ശപഥങ്ങളാൽ സന്ന്യാസജീവിതത്തിൽ തങ്ങളെത്തന്നെ ദൈവത്തിനു പ്രതിഷ്ഠിച്ചു ഏതെങ്കിലും സന്ന്യാസസഭയിൽ ചേരാം. ഇതിനും പുറമെ യുവാക്കന്മാരെക്കുറിച്ചു പറഞ്ഞാൽ, ചില സാഹചര്യങ്ങളിൽ പരിപാവനമായ പൌരോഹിത്യവും വേണമെങ്കിൽ കൈവരിക്കാം.

ആയതിനാൽ തക്ക കാരണങ്ങൾ ബാധകമാകാതിരിക്കുമ്പോൾ വിവാഹജീവിതത്തിനു വിളിക്കപ്പെട്ടിരിക്കുന്നുവെന്നു വിചാരിക്കുന്നവർ അതിനെക്കാൾ ഉയൎന്നതരത്തിലുള്ള ഒരു ജീവിതസ്ഥിതിയ്ക്കു തങ്ങളെ സമൎപ്പിക്കുന്നതു ശ്ലാഘനീയമാണെന്നു പറയുന്നതിൽ യാതൊരു യുക്തിഭംഗവുമില്ലെന്നു സുഗ്രഹമാണല്ലൊ. യഥാൎത്ഥത്തിൽ സന്ന്യാസത്തേയും പൌരോഹിത്യത്തേയും ചാരിത്രശുദ്ധിയേയും കത്തോലിക്കാതിരുസ്സഭ എത്രമാത്രം മതിക്കുന്നുണ്ടെന്നും, വിവാഹത്തെക്കാൾ എത്ര ഉൽകൃഷ്ടമായിട്ടാണ് അവൾ അവയെ കരുതിപ്പോരുന്നതെന്നും, ചിലപ്പോൾ സ്വമനസ്സാലെ ദാമ്പത്യജീവിതം കൈവെടിഞ്ഞു പരസ്പരം വേൎതിരിഞ്ഞു സന്ന്യാസമൊ പൌരോഹിത്യമൊ തിരഞ്ഞെടുക്കുന്നതിനു ആഗ്രഹിക്കുന്ന ദമ്പതിമാൎക്കു അവൾ നൽകാറുള്ള അനുമതിയിൽനിന്നു ധാരാളം വ്യക്തമാണ്. ഇതു തിരുസ്സഭയുടെ ഒരു അഭിനവസിദ്ധാന്തമല്ല; പ്രത്യുത, അവളുടെ ഒരു പൂൎവ്വാചാരമത്രെ.

മാത്രമല്ല, തിരുസ്സഭയോളംതന്നെ ഈ ആചാരവിശേഷത്തിന്ന പൌരാണികത്വവും ഉണ്ട്. ദിവ്യഗുരുവായ മ്ശിഹാതന്നെ ഇദംപ്രഥമമായി ലോകത്തിന്ന ഈ തത്വോപദേശം നൽകുകയും, അവിടുത്തെ ശിഷ്യപ്രമുഖനായ വി. പത്രോസു ഈ ഗുരൂപദേശം പ്രായോഗികമാക്കുകയുംചെയ്തു. വി. പൌലോസ് അവിവാഹിതത്വത്തെയും ചാരിത്രശുദ്ധിയേയും അധികരിച്ചു തൻെറ ശ്രേഷ്ഠജനങ്ങളോടു പ്രസംഗിച്ചിരുന്നു. മാത്രമല്ല വിവാഹത്തെ "മഹാകൂദാശ"യെന്നു അഭിനന്ദിച്ചു അതിൻെറ വിശുദ്ധിയെപ്പററി വിസ്തരിച്ചശേഷം വിവാഹജീവിതത്തെ ഉദ്ദേശശുദ്ധിയോടുകൂടി പരിത്യജിക്കുക എന്നുള്ളതു് അഭിലഷണീയവും ദൈവത്തിന്ന പ്രസാദജനകവും യോഗ്യതാമാർഗ്ഗവുമായി അദ്ദേഹം പ്രഖ്യാപനം ചെയ്തിട്ടുമുണ്ട്. വി. ശ്ലീഹായുടെ പ്രസംഗത്തിൻെറ ഏതാനും ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു. "സഹോദരന്മാരേ, ഓരോരുത്തനും വിളിക്കപ്പെട്ടപ്രകാരംതന്നെ ദൈവത്തിങ്കൽ നിലനില്ക്കട്ടെ. (൧ കോറി. ൭. ൨൪.) നീ ഭാര്യയോടു ബന്ധിക്കപ്പെട്ടിട്ടുണ്ടോ? വിമോചനത്തെ നീ അന്വേഷിക്കേണ്ട. നീ ഭാര്യയിൽനിന്ന വിമോചിക്കപ്പെട്ടുവോ ? ഭാര്യയെ അന്വേഷിക്കേണ്ട. എന്നാൽ നീ ഭാര്യയെ സ്വീകരിച്ചാൽ നീ പിഴച്ചില്ല, കന്യക വിവാഹം കഴിച്ചാൽ അവളും പിഴച്ചില്ല; എങ്കിലും ഇത്തരക്കാക്ക മാംസത്തിൻെറ പീഢ ഉണ്ടാകും. എന്നാൽ ഞാൻ നിങ്ങളോടു ക്ഷമിക്കുന്നു.... ഭാര്യമാർ ഉള്ളവർകൂടി ഇല്ലാത്തവരെപ്പോലെ ആകേണ്ടിയിരിക്കുന്നു.... ഭാര്യയെ കൂടാതെയിരിക്കുന്നവൻ ദൈവത്തെ എങ്ങിനെ പ്രസാദിപ്പിക്കേണ്ടു എന്നുവെച്ചു് കർത്താവിൻെറതായവ വിചാരിക്കുന്നു. എന്നാൽ ഭാര്യയോടുകൂടിയിരിക്കുന്നവൻ ഭാര്യയെ എങ്ങിനെ പ്രസാദിപ്പിക്കേണ്ടു എന്നു കരുതി ലോകസംഗതികളെപ്പററി വിചാരപ്പെടുകയും അവൻ വിഭജിക്കപ്പെട്ടിരിക്കയും ചെയ്യുന്നു. വിവാഹം കഴിക്കാത്തവളും കന്യകയുമായ സ്ത്രീ ശരീരത്തിലും അരൂപിയിലും പരിശുദ്ധയായിരിക്കേണ്ടതിന്ന കർത്താവിൻെറതായ സംഗതികളെ വിചാരിക്കുന്നു. എന്നാൽ വിവാഹം കഴിച്ചവൾ ഭർത്താവിനെ എങ്ങിനെ പ്രസാ

ദിപ്പിക്കേണ്ടുവെന്നുവെച്ച് ലോകത്തിന്റെതായവയെ വിചാരിക്കുന്നു.... സ്വന്ത കന്യകയെ (അതായതു പുത്രിയെ) വിവാഹത്താൽ ബന്ധിക്കുന്നവൻ നല്ലവണ്ണം ചെയ്യുന്നു. ബന്ധിക്കാത്തവൻ അധികം നന്നായി ചെയ്യുന്നു." (൧ കോറി. ൭. ൩൮.)

(തുടരും)

# ക്ലാസ്സ്മുറിയിലെ കൊലപാതകം.

(ശ്രീമാൻ എം. ഒ. ജോസഫ് നെടുങ്കുന്നം)

## II

ഇഗ്നാസിയച്ചൻ:- (തുടർന്നു പറഞ്ഞു) ഒരാദർശത്തിനുവേണ്ടി മനുഷ്യൻ ഏർപ്പെടുത്തിയിട്ടുള്ള മനോജ്ഞമായ സ്മാരകസ്തംഭങ്ങളിലൊന്നാണ് കത്തോലിക്കവിദ്യാഭ്യാസം എന്നു ഭാവി ചരിത്രകാരന്മാർ രേഖപ്പെടുത്തുകയില്ലയോയെന്നു ഞാൻ സംശയിക്കുന്നു. സാമ്പത്തികമായി, കത്തോലിക്കവിദ്യാലയപ്രസ്ഥാനം ഒരധികച്ചിലവാണെന്നുള്ള നിങ്ങളുടെ അഭിപ്രായം ശരിതന്നെ. വിദ്യാഭ്യാസാത്മമുള്ള രാജ്യനികുതികൾ കത്തോലിക്കർ അടയ്ക്കുന്നു; അനന്തരം ലക്ഷക്കണക്കിനു രാഷ്ട്രത്തിനു ആദായമുണ്ടാക്കിക്കൊടുക്കുമാറു ഒരു പദ്ധതി മുഴുവനായി അവർ നടപ്പിൽവരുത്തുന്നു. എങ്കിലും ഏതൊന്നിനായി തങ്ങൾ ഈ കഷ്ടതകൾ അനുഭവിക്കുന്നുവോ ആ ആദർശത്തെപ്പറ്റി അവർ അഭിമാനിക്കുന്നു. ഒരു മനുഷ്യൻ ഒരു ആദർശത്തെ മതിക്കുമ്പോൾ പണനഷ്ടത്തെപ്പറ്റി അവൻ ഗണിക്കാറില്ല. സാധാരണ ലോകജീവിതത്തിലും അങ്ങനെതന്നെയല്ലേ? മനുഷ്യൻ ഏതൊന്നിനെ സ്നേഹിക്കുന്നുവോ അതിനുവേണ്ടി എന്തുംചെയ്യുവാൻ അവൻ സന്നദ്ധനായിക്കാണുന്നു. താൻ സ്നേഹിക്കുന്ന സ്ത്രീക്കുവേണ്ടി എന്തു ധനവ്യയവും ഒരുവൻ നിസ്സാരമായിക്കരുതുന്നു. താൻ ആരാധിക്കുന്ന ദൈവത്തിനുവേണ്ടി അവൻ മനോജ്ഞമായ ഭദ്രാസനങ്ങൾ നിർമ്മിക്കുന്നു. താൻ സ്വന്തമെന്നു അഭിമാനിക്കുന്ന തന്റെ കുട്ടികൾക്കുവേണ്ടിയുള്ള ഏതു് ആഡംബരവ്യയങ്ങളും അവൻ കാര്യമാ

യി ഗണിക്കുന്നില്ല. അതുപോലെതന്നെ, അവൻ ഒരു കത്തോലിക്കനാണെങ്കിൽ, താൻ സ്നേഹിക്കുന്ന ആദർശത്തിനുവേണ്ടി, കത്തോലിക്കസ്ക്കൂളുകൾക്കായി, അവൻ ധാരാളം പണം ചിലവഴിക്കുന്നു. ക്ലാസ്സ് മുറിയിൽ ദൈവത്തിന് ഒരവകാശമുണ്ടെന്നും, വായനശാലയിലായാലും പ്രയോഗശാലയിലായാലും ക്രിസ്തു സ്വാഗതം ചെയ്യപ്പെടണമെന്നും ബാലപരിചരണമെന്ന മഹനീയവേലയിൽ വിദ്യാഭ്യാസവും മതവും ശത്രുക്കളും അപരിചിതന്മാരുമല്ല പ്രത്യുതാ സഹകാരികളും സുഹൃത്തുക്കളുമാണെന്നുമുള്ള ആ ആദർശത്തിൽ ഏതു യഥാർത്ഥകത്തോലിക്കനും അഭിമാനിക്കുന്നു. ഈ ആദർശം നിങ്ങളെപ്പോലെയുള്ള അകത്തോലിക്കരും അഭിനന്ദനീയമായി കരുതേണ്ടതാണ്. പക്ഷേ—"

ബഞ്ചിമിൻ:- ഒരു മാതൃകാസഭാംഗമെന്നു ഞാൻ അഭിമാനിക്കതന്നെ ചെയ്യുന്നു. എങ്കിലും അച്ചൻ പറയുന്നതിനെ മുഴുവനും...

ഇഗ്നാസി:- അതെ. പക്ഷേ നിങ്ങൾക്കു അതു അവിജ്ഞേയമായി തോന്നുന്നതു എന്തുകൊണ്ടെന്നു എനിക്കറിഞ്ഞു കൂടാ. ഈ ലോകത്തിലും ഭാവിയായ നിത്യജീവിതത്തിലുംകൂടി ലഭിക്കുന്ന വിജയത്തെ മാനദണ്ഡമാക്കിയാണ മനുഷ്യനെ അളക്കേണ്ടതെന്നു നിങ്ങളും സമ്മതിക്കുമെന്നു വിശ്വസിക്കുന്നു.

ബഞ്ച:- നിശ്ചയമായും.

ആച്ചിയമ്മ:- അങ്ങനെതന്നെ അച്ചാ! (ഇടയ്ക്കു കയറിപ്പറയുകയെന്നുള്ളതു ആച്ചിയമ്മയുടെ പ്രകൃതമാണ്. സാധാരണയായി അതു ആരും രസിക്കാറില്ലെന്നുള്ളതു് ഒരു പരമാർത്ഥവുമാണ്.)

ഇഗ്നാസി:- പിന്നെ എന്തുകൊണ്ടാണ്, ഒരു മനുഷ്യനെ ഈ ലോകജീവിതത്തിനും പരലോകജീവിതത്തിനും ഒരുപോലെ യോഗ്യനാക്കിത്തീർക്കുന്ന ഒരു വിദ്യാഭ്യാസരീതിയോടുള്ള കത്തോലിക്കരുടെ പ്രതിപത്തി നിങ്ങൾക്കു മനസ്സിലാകുന്നില്ലെന്നു നിങ്ങൾ പറയുന്നതു്. ഈ ജീവിതത്തോടുകൂടി അവസാനിക്കുന്ന യാതൊരു വിദ്യാഭ്യാസവും പരിപൂർണ്ണമല്ലെന്നു ഞങ്ങൾ പറയുന്നു.

നിത്യമല്ലാത്ത യാതൊരുവിജയത്തെപ്പററിയും ഞങ്ങൾ ചിന്തിക്കാറില്ല. വരുവാനിരിക്കുന്ന ലോകത്തിലെയ്ക്കു ഒരു മനുഷ്യനെ അനുഗമിക്കുന്നതരം വിജയത്തിനാണ് ഞങ്ങളുടെ വിദ്യാഭ്യാസം ഒരു മനുഷ്യനെ പ്രാപ്തനാക്കുന്നത്.

താഴത്തു പെരുവഴിയിൽക്കൂടെ ഓടുന്ന ചില മോട്ടോർകളുടെ ഹോറ്ൺ ശബ്ദം ചിലപ്പോഴൊക്കെ അവിടെ മാറെറാലിക്കൊള്ളാതിരിക്കുന്നില്ല. എങ്കിലും നമ്മുടെ ശ്രോതാക്കൾ അച്ചൻെറ ഉപദേശത്തിൽ ദത്തശ്രദ്ധാലുക്കളായിരിക്കുകയാണ്. ഇഗ്നാസിയച്ചൻ തുടൎന്നു പ്രസ്താവിച്ചു:

ഇഗ്നാസി:- ദൈവത്തിനു സമുന്നതമായ ഒരു സ്ഥാനം നൽകുന്ന ഞങ്ങളുടെ വിദ്യാഭ്യാസപദ്ധതി, ഒരു നിരീശ്വരന്-ദൈവമെന്നു കേൾക്കുമ്പോൾതന്നെ വിഭ്രാന്തിയുണ്ടാകുന്ന ഒരു നിരീശ്വരന് - അനാവശ്യവും ദുർവ്യയഹേതുകവുമായി തോന്നിയേക്കാം. പക്ഷെ നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നവരാണല്ലൊ !

ബഞ്ചമിൻ:- നിശ്ചയമായും.

ഇഗ്നാസി:- അതു പരമാൎത്ഥമാണെങ്കിൽ ഒരു ശിശുവിൻെറ ഹൃദയത്തിലും മനസ്സിലും ദൈവത്തിനുള്ള അവകാശങ്ങളെ സംരക്ഷിക്കുകയും ക്ലാസ്മുറികളിൽക്കൂടിയും അവിടുത്തേയ്ക്കു പ്രവേശനം നൽകേണ്ടതാണെന്നു വാദിക്കുകയും ചെയ്യുന്ന ഒരു വിദ്യാഭ്യാസപദ്ധതി നിങ്ങൾക്കു തിക്തകമായി തോന്നുവാനുള്ള കാരണമെന്താണ് ? ദൈവത്തിൻെറ തിരുനാമം ഉച്ചരിക്കുന്നതിനെയൊ അവിടുത്തേക്കു അല്പമായ ബഹുമാനമെങ്കിലും നൽകപ്പെടുന്നതിനെയൊ പ്രതിരോധിക്കുന്ന വിദ്യാഭ്യാസപദ്ധതിയോടു ചില ക്രിസ്ത്യാനികൾക്കു - ഇപ്പോഴത്തെ ചുരുക്കംചില കത്തോലിക്കർപോലും - ഉള്ള മമതയുടെ കാരണമാണ് എനിക്കു മനസ്സിലാകാത്തതു്. അത്തരം പദ്ധതി ക്രിസ്ത്യാനികൾക്കു - അതേ ഞാൻ പറയുന്നു, സുബുദ്ധിയുള്ള മനുഷ്യൎക്ക് - ചേൎന്നതല്ല.

ഇഗ്നാസിയച്ചൻെറ നിരൎഗ്ഗളമായ ഈ വാഗ്വിലാസത്തിൽ ദത്തശ്രദ്ധനായിരുന്ന മി. ബഞ്ചമിൻ മററുള്ളവരുടെ മുഖ

ത്തേക്ക അത്ഥഗത്ഭമായി ഒന്ന നോക്കി. അനന്തരം ഇങ്ങനെ പറഞ്ഞു "എനിക്ക തോന്നുന്നതു മതം പള്ളിയിലു, വിദ്യാഭ്യാസം സ്കൂളിലും വേണ്ടതാണെന്നാണ്." മി. ബെഞ്ചമിന്റെ ഈ അഭിപ്രായപ്രകടനം സന്ദഭോചിതമല്ലെന്ന ചിലക്ക തോന്നാതെയിരുന്നില്ല. ഇഗ്നാസിയച്ചന്റെ മറുപടി ഈവിധമായിരുന്നു:-

"അപ്പോൾ ഈ മതം വിദ്യാഭ്യാസപരമല്ലേ? അത് മനസ്സിനെയും ഹൃദയത്തെയും ഇഛാശക്തിയെയും സംസ്കരിക്കുന്നവെന്നാണല്ലൊ ഞാൻ വിചാരിച്ചിരുന്നതു! എന്തായാലും മതം ഞായറാഴ്ച ഒരു ദിവസത്തേയ്ക്കുള്ള ഒരു കാര്യമാണെന്നൊ, ആഴ്ചയിലെ മററു ആറു ദിവസങ്ങൾ അത് അവഗണിക്കപ്പെടേണ്ടതാണെന്നൊ എന്നൊപ്പോലെയുള്ള കത്തോലിക്കർ വിചാരിക്കുകയില്ല. അതുകൊണ്ടു തൃപ്തിപ്പെടുകയുമില്ല. ഒരാഴ്ചയിലെ അര മണിക്കൂർ സമയത്തേയ്ക്കുമാത്രം ക്ലിപ്തപ്പെടുത്തിയിട്ടുള്ള ഒരു മതവിശ്വാസം കുട്ടികൾ കാര്യമായി ഗണിക്കുമെന്ന ഞങ്ങൾ വിചാരിക്കുന്നുമില്ല. അനിത്യവും ഹ്രസ്വവുമായ ഈ മനുഷ്യജീവിതകാലത്തെ ജീവിതമാഗ്ഗങ്ങളെപ്പററി ഒരു കുട്ടിയെ പഠിപ്പിക്കുവാൻ അഞ്ചു പൂൎണ്ണദിവസങ്ങൾ വിനിയോഗിക്കുമ്പോൾ അചഞ്ചലമായ നിത്യതയിൽ സൌഭാഗ്യമനുഭവിക്കുന്നതിനായി അവന്റെ ആത്മാവിനെ രക്ഷിക്കുന്നതിനുള്ള മാഗ്ഗങ്ങളെപ്പററി പഠിപ്പിക്കുവാൻ അര മണിക്കൂർ ഒട്ടും മതിയായതല്ലെന്ന് ആക്കാണ് അറിഞ്ഞുകൂടാത്തത്?

"വെറും സ്വാഭാവികജ്ഞാനത്താൽമാത്രം ലഭിക്കുന്ന ഒന്നല്ല മതം. അതു ലഭിക്കുന്നതിന തീക്ഷ്ണമായ അഭ്യസനവും അദ്ധ്യാപനവും അത്യാവശ്യമാകുന്നു. കത്തോലിക്കരുടെ വിദ്യാഭ്യാസപദ്ധതി മാത്രമെ ഈ ഒരു വശത്തിന പ്രാധാന്യം നൽകുന്നുള്ളു. ദൈവത്തെ അത്യധികം സ്നേഹിക്കുന്ന ഒരു അദ്ധ്യാപകനുപോലും അവിടത്തെ തിരുനാമം സ്വതന്ത്രമായി സംസാരിക്കുന്നതിന നമ്മുടെ സ്റ്റേററു സ്കൂളുകളിൽ അനുവദിക്കപ്പെട്ടിട്ടുണ്ടോ? അവിടെ ശ്രീരാമനെപ്പററിയൊ ശ്രീകൃഷ്ണനെപ്പററിയൊ പറയുകയും പഠിപ്പിക്കുകയും ചെയ്യാം. നമ്മുടെ പാഠ്യപ

ധതി അനുസരിച്ചു മിക്കപ്പോഴും അതു് ചെയ്യേ മതിയാവൂതാനം. എന്നാൽ സ്വൎഗ്ഗസ്ഥനായ പിതാവിനെപ്പററിയൊ നമുക്കു വേണ്ടി അവതീൎണ്ണനായി കഷ്ടതകൾ സഹിച്ചു മരിച്ച അവിടുത്തെ ദിവ്യസുതനെപ്പററിയൊ ഒരക്ഷരം ഉരിയാടാൻ അനുവാദമില്ല. കൃഷ്ണൻെറ വെണ്ണമോഷണമൊ, അമ്പാടിയിലെ ഗോപസ്ത്രീകളുടെ വസ്ത്രമോഷണമൊ, രാസക്രീഡയൊ, ശിവൻെറ ഗംഗാ-പാൎവ്വതീ പരിണയങ്ങളൊ എല്ലാം അവിടെ പ്രസംഗിക്കാം, പഠിപ്പിക്കാം; എന്നല്ല മിക്കപ്പോഴും ഇവ ചെയ്യേ മതയാവൂതാനം. എന്നാൽ പരിത്യാഗമൂൎത്തിയായ ശ്രീയേശുവിൻെറ അപദാനങ്ങളിൽ ഒന്നിനെക്കുറിച്ചെങ്കിലും അവിടെ സംസാരിക്കുവാൻ അനുവാദമുണ്ടോ ? വേദങ്ങൾ, പുരാണങ്ങൾ, ഉപനിഷത്തുകൾ എന്നിപ്രകാരമുള്ള കല്പിതകഥകൾക്കും ശൃംഗാരപ്രബന്ധങ്ങൾക്കും ക്ലാസുമുറികളിൽ പ്രവേശനമുണ്ടു്. എന്നാൽ ബൈബിളിനു, വേണ്ട അത്യുൽകൃഷ്ടമായ ആ ഗിരിപ്രഭാഷണത്തിനുപോലും അവിടെ സ്ഥാനമില്ലല്ലൊ.

"വേദപുസ്തകത്തിലെ സാഹിത്യത്തെപ്പററിയൊ, അതിൻെറ ചരിത്രസ്വഭാവത്തെപ്പററിയൊ പറയുവാൻ ചിലപ്പോൾ അദ്ധ്യാപകൻ മുതിൎന്നെന്നുവരാം. എന്നാൽ അതൊരു ദൈവനിവേശിതഗ്രന്ഥമാണെന്നു പറയുവാൻ അയാൾക്കു യാതൊരു അനുവാദവുമില്ല. സഭ ഒരു ചാരിത്രികസ്ഥാപനമാണെന്നു അയാൾ ചിലപ്പോൾ സംസാരിച്ചെന്നുവരാം. പലപ്പോഴും അതു അബദ്ധപ്പൂഞ്ഞാംഗമാണെന്നു വെട്ടിവിട്ടെന്നുംവരാം. എന്നാൽ മനുഷ്യവൎഗ്ഗത്തെ രക്ഷിക്കുന്നതിനും അവരെ പരമാനന്ദത്തിലേയ്ക്കു സമാനയിക്കുന്നതിനും ക്രിസ്തുവിനാൽ സ്ഥാപിതമായിട്ടുള്ള ഒരു ദിവ്യസ്ഥാപനമാണു് അതെന്നുള്ള യഥാൎത്ഥം ഉരിയാടുവാൻ അനുവദിക്കപ്പെട്ടിട്ടില്ല. സാന്മാൎഗ്ഗികതത്വങ്ങളെപ്പററി വാചാലതയോടുകൂടി പ്രസംഗിക്കുവാൻ സാധിച്ചേക്കും. എന്നാൽ പത്തു പ്രമാണങ്ങളെപ്പററി അദ്ധ്യാപകൻ ക്ലാസിൽ മിണ്ടിക്കൂടാ.

ഈവിധമായ ഒരു പരിതഃസ്ഥിതി ഒരു കുട്ടിയിലുളവാക്കാവുന്ന അഭിപ്രായഗതി എന്തായിരിക്കും ? മഹാ അദ്ധ്യാപകനെ

ന്‍ അവഗണിച്ചുള്ള അദ്ധ്യാപനവും, സാക്ഷാല്‍ ഗ്രന്ഥങ്ങളുടെ ഗ്രന്ഥത്തെക്കൂടാതെയുള്ള സാഹിത്യവും, പ്രകൃതിയുടെ കര്‍ത്താവിനെയും സ്രഷ്ടാവിനെയും വിസ്മരിച്ചുള്ള പ്രകൃതിപാഠവും....വളരെക്കാലം ഒരു കുട്ടിക്കു നല്‍കിയിട്ടും മതപരമായി അവന്‍ മഹാ അജ്ഞനായിരിക്കുന്നതുകൊണ്ട് അകത്തോലിക്കര്‍ തൃപ്തിപ്പെടുമോ എന്തോ? എനിക്കറിഞ്ഞുകൂടാ. എന്നാല്‍ കത്തോലിക്കക്കുട്ടികളുടെ കാര്യമാണെങ്കില്‍ ഇതുകൊണ്ടു ഞങ്ങള്‍ തൃപ്തരാകുകയില്ല. അതുകൊണ്ടാണു ക്രിസ്തുവിനെപ്പററിയൊ, മറിയത്തെപ്പററിയൊ, കൂദാശകളെപ്പററിയൊ, ദിവ്യപൂജയെപ്പററിയൊ, ദൈവപ്രമാണങ്ങളുടെ പ്രാമാന്യതയെപ്പററിയൊ യാതൊന്നുമറിഞ്ഞുകൂടാത്ത വിദ്യാലയങ്ങളില്‍ ഞങ്ങള്‍ കത്തോലിക്ക കുട്ടികളെ അയയ്ക്കാത്തതു്."

"മതകാര്യങ്ങളില്‍ അജ്ഞരും ശരിയായ ശിക്ഷണമില്ലാത്തവരുമായ അനേകം നശിക്കപ്പെട്ട ബാലന്മാര്‍ ഇന്നു ലോകത്തിലുണ്ടെന്നു സമ്മതിച്ചേ മതിയാവൂ. തന്റെ സഭയേയും അതിന്റെ മനോഹരതയേയും സത്യത്തേയുംകുറിച്ചുമാത്രമല്ല ദൈവത്തെക്കുറിച്ചുതന്നെയുമുള്ള ജ്ഞാനം ലഭിക്കാതെ നശിച്ചുപോയ കുട്ടികളുടെ പിതാക്കന്മാര്‍ ഒരിക്കല്‍ നീതിമാനായ ആ വിധിയാളനെ എങ്ങനെ അഭിമുഖീകരിക്കുമെന്നു ഞാന്‍ ഭയപ്പെടുന്നു. ഭയങ്കരമായ ഈ ന്യൂനത ദേവാലയങ്ങളില്‍ പരിഹരിക്കപ്പെടുന്നില്ലയെന്നു ചോദിച്ചാല്‍ ഇല്ല എന്നുതന്നെ ഞാന്‍ മറുപടി പറയും. കാര്യവ്യഗ്രതയില്‍ ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കുന്ന ആധുനികലോകത്തില്‍, ഒരു വീട്ടില്‍വച്ചു ലഭിക്കുന്ന മതജ്ഞാനം എത്രയും നിസ്സാരമാണെന്നു, മി. ബഞ്ചിമിന്‍, നിങ്ങളും സമ്മതിക്കുമല്ലൊ."

"സല്‍സ്വഭാവരൂപവല്‍കരണത്തിനും, ദൈവത്തെ ശരിയായി സേവിക്കുന്നതിനും അത്യന്താപേക്ഷിതമായിരിക്കുന്ന മതത്തെയും സര്‍വ്വപ്രധാനസംഗതികളെയുംകുറിച്ചുള്ള കാര്യക്ഷമമായ ജ്ഞാനം, വല്ലപ്പോഴുമുള്ള വേദപാഠക്ലാസുകളിലെ അരമണിക്കൂര്‍ സമയത്തില്‍നിന്നും ലഭിക്കുന്നതുകൊണ്ടു മതിയാക്കാമെന്നു പ

റയുന്നവർ ഭോഷന്മാർതന്നെയാണു്. ചരിത്രം, പൌരശാസ്ത്രം, രാജ്യതന്ത്രം, ആചാരമര്യാദകൾ, മഹത്ചരിത്രം, അങ്കഗണിതം മുതലായ വിഷയങ്ങൾ ആഴ്ചയിലൊരിക്കൽ, ഒരു ശനിയാഴ്ച, ടൌൺഹാളിൽവച്ചോ മററൊ പഠിപ്പിച്ചാൽ മതിയെന്നും, മററു ദിവസങ്ങളിൽ കുട്ടികളെ സ്വതന്ത്രമായി വിടേണ്ടതാണെന്നും ആരെങ്കിലും വാദിക്കുമോ? പ്രാഥമികക്ലാസുകൾ തുടങ്ങി സർവ്വകലാശാലക്ലാസുകൾവരെ ഈ വിഷയങ്ങൾ പഠിപ്പിക്കുന്നു; പഠിപ്പിക്കണമെന്നു നിങ്ങൾ വാദിക്കുകയും ചെയ്യുന്നു. ദൈവത്തെപ്പററിയും സ്വർഗ്ഗരാജ്യത്തെപ്പററിയും അത്രയെങ്കിലും വേണമെന്നേ കത്തോലിക്കരായ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളു."

ഇഗ്നാസിയച്ചൻെറ പ്രഭാഷണം ഈ ഘട്ടത്തിലെത്തിയപ്പോൾ മറിയാമ്മ ഇടയ്ക്കു കയറിയെന്നപോലെ പറഞ്ഞു (മറിയാമ്മ പറയുന്നതു ചുററിലുമുള്ള സ്ത്രീകളോടാണെങ്കിലും അതു എല്ലാവർക്കും വ്യക്തമായി കേൾക്കാമായിരുന്നു. മററുള്ളവരും കേൾക്കണമെന്നു് അവർക്കു ആഗ്രഹമുണ്ടായിരുന്നോ എന്തോ?)

മറിയാമ്മ:- എൻെറ കാര്യമാണെങ്കിൽ, ഈ സ്കൂൾ എന്നു പറയുന്നതു് കുറെ ക്ലാസുകളുടെ കൂട്ടമെന്നല്ല ഞാൻ ധരിച്ചിരിക്കുന്നതു്. അതൊരു അന്തരീക്ഷം, വ്യാപകശക്തമായ ചൈതന്യം ആണെന്നാണു് എൻെറ വിശ്വാസം. കത്തോലിക്കസ്കൂളുകളിൽ എൻെറ കുട്ടികൾ ഏററവും നല്ലതായ ഒരന്തരീക്ഷത്തിലാണെന്നു് എനിക്കെല്ലായ്പ്പോഴും തോന്നിയിട്ടുണ്ടു്; എന്തുകൊണ്ടെന്നാൽ അവിടത്തെ അന്തരീക്ഷം ദൈവത്തിൻെറതാണല്ലൊ. ക്ലാസുമുറികൾ മതവിശ്വാസവ്യാപ്തമായിരിക്കുന്നു. ക്രൂശിതരൂപങ്ങൾക്കു സർവ്വാദരണീയമായ ഒരു സ്ഥാനം അവിടെ ഉണ്ടു്. ക്ലാസുകൾ തുടങ്ങുന്നതും അവസാനിക്കുന്നതും പ്രാർത്ഥനയോടുകൂടിയാണു്. ക്രിസ്തുവിൻെറ വീരന്മാരും, മാതൃരാജ്യത്തിലെ വീരന്മാരും, അനുകരണയോഗ്യമായവിധം കുട്ടികളെ നിവേശിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒരു കുട്ടിയുടെ ജീവിതത്തിൽ ശരിയായ ഒരു അന്തരീക്ഷത്തോളം സർവ്വപ്രധാനമായി മററൊന്നില്ല. അതു് വീടുകളിൽ സംരക്ഷിക്കുന്നതിനാണു മാതാക്കളായ ഞങ്ങൾ പ്ര

യാസപ്പെട്ടു ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. ഭൌതികവും മതപരവുമായ അദ്ധ്യയനത്തിനു ചേൎന്ന ശരിയായ ഒരു സ്കൂൾഅന്തരീക്ഷം കത്തോലിക്കവിദ് യാലയങ്ങളിൽ മാത്രമെ ഞാൻ കാണുന്നുള്ളു. എൻെറ കുട്ടികൾ മറേറതുസ്ഥലത്തായിരുന്നാലും എനിക്കു തൃപ്തിയാകുകയില്ല.

റൊസക്കുട്ടി:- (ശിരച്ചാലനപൂൎവ്വം) ഞാനും അതുതന്നെ പറയുന്നു. കുഞ്ഞുമത്തായിയെയും ആലീസ്സിനെയും (മക്കൾ) ഞാൻ പള്ളിസ്കൂളിലാണു് അയച്ചതു്. ആ വെററിലക്കച്ചവടക്കാരൻെറ മകനും പോലീസുകാരൻെറ മകളും അവിടെത്തന്നെയായിരുന്നെന്നു എനിക്കറിയാം.

ഇഗ്നാസി:- അപ്പോൾ വെററിലക്കച്ചവടക്കാരൻെറ മക്കളും പോലീസുകാരൻെറ മക്കളും പബ്ലിക്ക് സ്കൂളുകളിൽ പോകുന്നില്ലന്നാണോ പറയുന്നതു് ?

റോസക്കുട്ടി:- ഇല്ലന്നാണു് തോന്നുന്നതു്....ഇ....ല്ല....

ഇഗ്നാസി:- അതുമാത്രമല്ല, അവർ നല്ല കുട്ടികളുമാണു്. എല്ലാ മാതാപിതാക്കന്മാരും ആ വെററിലക്കച്ചവടക്കാരനെയും പോലീസുകാരനെയുംപോലെ ആയിരുന്നെങ്കിൽ ! ജീവിതോദ്ദേശ്യങ്ങളെയും മനുഷ്യവൎഗ്ഗം അഭിമുഖീകരിക്കേണ്ട സനാതന പ്രശ്നങ്ങളെയുംപ്പററി വിവരിച്ചുകൊടുക്കുവാൻ എത്രയൊ ദിവസങ്ങൾ അവർ എന്നോടു ആവശ്യപ്പെട്ടുകയും, എന്നിൽനിന്നു കേട്ടു പഠിക്കുകയും ചെയ്തിരിക്കുന്നു ! !

റോസക്കുട്ടി.- (ഇഗ്നാസിയച്ചൻ പറഞ്ഞതു കേൾക്കാത്ത ഭാവത്തിൽ) എന്നാൽ പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞാൽ അവർ യാതൊരു വൎഗ്ഗക്കാരുടെതുമല്ലാത്ത ഹൈസ്കൂളുകളിലും വലിയ കോളെജുകളിലുമാണു് പോകേണ്ടതെന്നാണു് എൻെറ പക്ഷം. വ കൊല്ലം കത്തോലിക്കവിദ്യാലയങ്ങളിൽ പഠിക്കുന്നതുകൊണ്ടു മതത്തെപ്പററി അവൎക്കു ആവശ്യമായ ജ്ഞാനം സിദ്ധിച്ചിരിക്കണമെന്നാണു് എൻെറ വാദം.

ഇഗ്നാസി:- ഉവ്വോ ! കൊള്ളാം ! ! എന്നാൽ ദിവസം കുറഞ്ഞതു ഒരു മണിക്കൂർ വീതം എട്ടു കൊല്ലത്തേയ്ക്കു് അവർ സാ

ഹിത്യം പഠിക്കുകയല്ലായിരുന്നോ? അതുകൊണ്ടു സാഹിത്യത്തിൽ അവർക്കു പൂർണ്ണമായ മേധാവിത്വം ലഭിച്ചില്ലെന്നും, ഇനി സാഹിത്യാഭ്യസനം ആവശ്യമില്ലെന്നും അർത്ഥമാകുന്നുണ്ടോ? പ്രാഥമികവിദ്യാലയങ്ങൾ സമഗ്രമായ ജ്ഞാനം നൽകുന്നുവെന്നതിനെക്കാൾ, ജ്ഞാനമാർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കുന്നുവെന്നാണു ഞാൻ ധരിച്ചിരുന്നതു്. എന്റെ ധാരണ തെററിപ്പോയിരിക്കാം."

## ജ്ഞാനസ്നാനകർമ്മം.

(റവ. ഫാദർ സെറാഫിൻ ബെനഡിക്ററ്.)

ദിവ്യപ്രസാദസ്രോതസ്സുകളുടെ അഥവാ 'കൂദാശ'കളുടെ സ്വീകരണംമൂലം ലബ്ധമാകുന്ന ആധ്യാത്മിക നന്മകളെ ബാഹ്യരൂപേണ പ്രത്യക്ഷപ്പെടുത്തുന്നതിനു വിശുദ്ധ സഭ അവയോരോന്നിനും (പാപസങ്കീർത്തനം മാത്രമെ ഇതിലേയ്ക്കു ഒരു അപവാദമായി നില്ക്കുന്നുള്ളു) ഓരോ ബാഹ്യാചാരങ്ങൾ അനുഷ്ഠിച്ചുപോരുന്നു. ഇവയിൽ പലതും വളരെ പുരാതനമായിട്ടുള്ളവയത്രെ. കൂദാശാസ്വീകരണംമൂലം ആത്മാവിനു ലഭിക്കുന്ന ദൈവദാനങ്ങളെ സൂചിപ്പിക്കുവാൻ ഇവ തികച്ചും പര്യാപ്തങ്ങളാണു്.

ജ്ഞാനസ്നാനം, ദിവ്യപ്രസാദസ്രോതസ്സുകളിൽവെച്ചു ആദ്യത്തേതാകുന്നു. വി. അപ്പൊസ്തോലന്റെ വാക്കുകളിൽ പറയുന്നപക്ഷം അതുമൂലം "നാമേവരും മിശിഹായെ ധരിക്കുന്നു." (ഗാല. ൩. ൨൭.) അതിൽ അനുഷ്ഠിക്കപ്പെടുന്ന ദിവ്യകർമ്മങ്ങളാവട്ടെ നാം എത്ര ദൈന്യമായ ദുരവസ്ഥയിൽ ജനിച്ചുവെന്നും, ഇഹത്തിൽ നമുക്കു എത്ര കഷ്ടതകളും പരീക്ഷകളും സഹിക്കേണ്ടതുണ്ടെന്നും, നാം എത്രയൊ ഭാഗ്യപൂർണ്ണമായ ഒരു സമ്മാനം കരസ്ഥമാക്കുന്നതിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നും നമ്മെ അനുസ്മരിപ്പിക്കുന്നു.

<u>പുരാതനചരിത്രം:</u> ഇപ്പോൾ നടപ്പിലിരിക്കുന്ന ജ്ഞാനസ്നാനകർമ്മം പുരാതന സഭയിൽ അനുഷ്ഠിക്കപ്പെട്ടിരുന്ന ദിവ്യാനുഷ്ഠാനങ്ങൾ തന്നെയാണു്. "രഹസ്യങ്ങൾ" എന്ന അഭിധാനത്തിൽ വി. അമ്പ്രോസ് വിരചിച്ചിട്ടുള്ള വിശിഷ്ട കൃതിയിൽ ഇതേപ്പററിയുള്ള ഒരു സമഗ്രവും രസകരവുമായ വിവരണം കാണുന്നുണ്ടു്. അദ്ദേഹത്തിന്റെ കാലത്തു് ജ്ഞാനസ്നാനം പരസ്യമായിട്ടു മുതിർന്നവർക്കു വി. ശനിയാഴ്ച മാത്ര

നൽകപ്പെട്ടിരുന്നുള്ളു. സഭയുടെ ഇന്നത്തെ കർമ്മകാണ്ഡത്തിൽ, ജ്ഞാനസ്നാനത്തിനായിട്ടുള്ള ജലം വാഴ്ത്തുന്നതു് വി. ശനിയാഴ്ചയായി നിശ്ചയിക്കപ്പെട്ടു കാണുന്നതു ഈ സമ്പ്രദായത്തെ അംഗീകരിക്കുന്നതായി പ്രത്യക്ഷപ്പെടുത്തുന്നു. എപ്പോഴും ഈദൃശമായ ആഘോഷകർമ്മത്തിലെ കാർമ്മികൻ ഒരു മെത്രാനാണു്. സഹായകന്മാരായി വൈദികരും ആറാംപട്ടക്കാരും ഉണ്ടായിരിക്കും.

അന്നാളിൽ ആളെ വെള്ളത്തിൽ മുക്കിപ്പിടിച്ചുകൊണ്ടാണു് ജ്ഞാനസ്നാനം നൽകിയിരുന്നതു്. ഈ ഒരു കൃത്യം അവശ്യാവശ്യമായിരുന്നില്ല എങ്കിലും ഒമ്പതാം നൂററാണ്ടുവരെ ഈ സമ്പ്രദായം അനുസരിക്കപ്പെട്ടിരുന്നു.

പഴയ കർമ്മകാണ്ഡമനുസരിച്ചു ജ്ഞാനസ്നാനമേററയാൾ വിശുദ്ധ തൈലംകൊണ്ടു പൂശപ്പെടുകയും, വെള്ളവസ്ത്രം ധരിപ്പിക്കപ്പെടുകയുംചെയ്തശേഷം സൈഥർയ്യലേപനം ഏല്ക്കയും ദിവ്യപൂജയിൽ സംബന്ധിക്കയും ദിവ്യകാരുണ്യം സ്വീകരിക്കയുമാണു് പതിവു്.

ആധുനികസ്ഥിതി: ഇക്കാലത്തു് പ്രായംചെന്നവർക്കെന്നതിനെക്കാൾ ശിശുക്കൾക്കാണു് ജ്ഞാനസ്നാനം അധികമായി നൽകപ്പെടുന്നതു്. ജ്ഞാനസ്നാനമാതാപിതാക്കൾ ശിശുവിനെ ദേവാലയത്തിന്റെ വാതില്ക്കൽ കൊണ്ടുവരുന്നു. അപ്പോൾ വൈദികൻ സുർപ്ലീസും പൂമ്രനിറമുള്ള സ്റ്റോളയും ധരിച്ചുകൊണ്ടു കുട്ടിക്കു ഏതുപേർ വിളിക്കുവാൻ ഉദ്ദേശിക്കുന്നുവൊ ആ പേർ ചൊല്ലിവിളിച്ചിട്ടു "നീ ദൈവത്തിന്റെ സഭയിൽനിന്നു എന്തു ആവശ്യപ്പെടുന്നു?" എന്നു ചോദിക്കുന്നു. "വിശ്വാസം" എന്നു ജ്ഞാനസ്നാനമാതാപിതാക്കൾ ഉത്തരം പറയുന്നു. വൈദികൻ വീണ്ടും ചോദിക്കുന്നു: "വിശ്വാസം നിനക്കു എന്തു നൽകുന്നു?" "നിത്യജീവൻ." "ആകയാൽ നീ നിത്യജീവിതത്തിലേക്കു പ്രവേശിക്കണമെങ്കിൽ പ്രമാണങ്ങളെ അനുഷ്ഠിക്കുക." "നീ നിന്റെ കർത്താവായ ദൈവത്തെ നിന്റെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെയും, നിന്റെ അയല്ക്കാരനെ നിന്നെപ്പോലെതന്നെയും സ്നേഹിക്കണം." അനന്തരം വൈദികൻ ശിശുവിന്റെ നെററിയിൽ ഊതിക്കൊണ്ടുപറയുന്നു: "അശുദ്ധാത്മാവേ, നീ ഈ ശിശുവിൽനിന്നകലുക; ആശ്വാസപ്രദനായ പരിശുദ്ധാത്മാവിനു സ്ഥലം ഒഴിഞ്ഞുകൊടുക്കുക." പണ്ടുപണ്ടേ നടപ്പിലിരിക്കുന്ന ഈ നിശ്വസനം ദൈവത്തിന്റെ അരൂപിയെ പ്രദാനം ചെയ്യുന്നു എന്നതിന്റെ ഒരു സൂചനമത്രെ.

കുരിശിന്റെ അടയാളം: അനന്തരം ആ ശിശു ഹൃദയത്തിലും മനസ്സിലും വിശുദ്ധീകരിക്കപ്പെട്ടിരിക്കണം എന്നു സൂചിപ്പിക്കുന്നതിനായി വൈദികൻ ശിശുവിന്റെ നെററിയിലും നെഞ്ചിലും കുരിശിന്റെ അടയാളം വരക്കുന്നു. അതിനെ തുടൎന്നു ഈവിധം ക്രിസ്തുവിന്റെ കുരിശിനാൽ അടയാളപ്പെടുത്തപ്പെട്ട ശിശു അവിടുത്തെ പ്രമാണങ്ങളെ അനുഷ്ഠിച്ചുകൊണ്ടു നിത്യരക്ഷ പ്രാപിക്കണം എന്നൎത്ഥമുള്ള ഒരു ഉചിതമായ പ്രാൎത്ഥന ചൊല്ലുന്നു.

തദനന്തരം വൈദികൻ ശിശുവിന്റെ തലമേൽ കൈവയ്ക്കുന്നു. ശക്തിയും അധികാരവും പ്രദാനം ചെയ്യുന്നുവെന്നത്രെ ഈ കൈവെപ്പിന്റെ അൎത്ഥം. വിശ്വാസത്തിന്റെ വെളിച്ചത്തിലേയ്ക്കു വിളിക്കപ്പെട്ടിരിക്കുന്ന ഈ കൎത്തൃശുശ്രൂഷി ഹൃദയത്തിന്റെ സകല അന്ധതകളിൽനിന്നും പിശാചിന്റെ അഖില തന്ത്രങ്ങളിൽനിന്നും വിമുക്തനായി, ജ്ഞാനസമ്പൂൎണ്ണനായി ദൈവസ്ഥാപിതമായ സഭയിൽ ദൈവത്തെ ശുശ്രൂഷിച്ചു ദിവസംപ്രതി പുണ്യത്തിൽ അഭിവൃദ്ധി പ്രാപിക്കുന്നതിനുവേണ്ടി അനന്തരം അദ്ദേഹം പ്രാൎത്ഥിക്കുന്നു.

ഉപ്പു കൊടുക്കുന്നതു്: അനന്തരം നടക്കുന്നതു ഒരു കൗതുകാവഹമായ കൎമ്മമാണു്. ജ്ഞാനസ്നാനം ചെയ്യപ്പെടുവാനുള്ള ആളിന്റെ വായിൽ, മുമ്പുതന്നെ പ്രത്യേകം വാഴ്ത്തിവച്ചിട്ടുള്ള അല്പം ഉപ്പു ഇട്ടുകൊടുത്തുകൊണ്ടു്: "ജ്ഞാനത്തിന്റെ ഉപ്പു സ്വീകരിച്ചാലും; ഇതു നിന്റെ നിത്യരക്ഷാപ്രാപ്തിക്കു ഒരു ഉപകരണമായിരിക്കട്ടെ" എന്ന വാക്കുകൾ ഉച്ചരിക്കുന്നു.

ഉപ്പിനു സഭയിൽ സൂചകാൎത്ഥങ്ങൾ പലതുണ്ടു്. വേദപുസ്തകത്തിൽ ചിലേടങ്ങളിൽ അതു് ജ്ഞാനത്തെയും, മററു ചില സ്ഥലങ്ങളിൽ നവജീവനെയും, വേറെ ചില സ്ഥലങ്ങളിൽ ശുദ്ധീകരണത്തെയും, മറേറതാൻ സ്ഥലങ്ങളിൽ ചീച്ചിലൊ മററു വല്ല കേടുകളോ വരാതെ കാക്കുന്ന സംരക്ഷകശക്തിയേയും കുറിക്കുന്നു. ഈ അവസാനാൎത്ഥത്തിലാണു് ദിവ്യ രക്ഷകൻ സുവിശേഷത്തിൽ തന്റെ അപ്പസ്തോലന്മാരെ, "ലോകത്തിന്റെ ഉപ്പു്" എന്നു വിളിച്ചിട്ടുള്ളതു്. മേല്പറഞ്ഞ അൎത്ഥങ്ങളെല്ലാം തന്നെ, അനന്തരം ഉച്ചരിക്കപ്പെടുന്ന പ്രാൎത്ഥനയിലടങ്ങിയിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ ഈ ഉപ്പു രുചിച്ചയാൾ വിശുദ്ധീകരിക്കപ്പെടുകയും, സ്വൎഗ്ഗീയ ഭക്ഷണത്താൽ തൃപ്തിപ്പെടുത്തപ്പെടുകയും ആത്മാവിൽ തീക്ഷ്ണതയുള്ളവനായിത്തീരുകയും ദൈവശുശ്രൂഷയിൽ വിശ്വസ്തനായി ഭവിക്കയും ചെയ്യണമെന്നത്രെ ദൈവത്തോടുള്ള അഭ്യൎത്ഥനയുടെ സാരം.

(തുടരും)

## ഒക്ടോബർമാസത്തിലെ പൊതുനിയോഗം.

### തിരുസ്സഭയുടെ വൈരികൾ രക്ഷാകരമായവിധം വിനീതരാവുക.

നമ്മുടെ ദിവ്യരക്ഷകനായ ഈശോമ്ശിഹാ അനിവാച്യമായ പീഡകൾസഹിച്ചു കുരിശുമരണം വരിച്ചതു് എല്ലാ മനുഷ്യരുടേയും നിത്യരക്ഷയ്ക്കുവേണ്ടിയാണ്. എന്നാൽ ഇന്നു ക്രിസ്തുവിനെ അറിയാത്തവർ എത്ര അധികമാണുള്ളതു്! ക്രിസ്തമതവിദ്വേഷികൾ തിരുസ്സഭയെ ഭൂമുഖത്തുനിന്നു ഉന്മൂലനാശം ചെയ്യുന്നതിനു ഘോരപ്രയത്നം ചെയ്തുവരുന്നു. ക്രിസ്തീയസഭയെന്നു പേരുംപേറി എത്ര കത്തോലിക്കാസഭകളാണ് നമ്മുടെ ചുററിലും ഉത്ഭവിക്കയും നാമാവശേഷമാകയും ചെയ്തുകൊണ്ടിരിക്കുന്നതു്. ഈ വിഭിന്നസഭകൾ കത്തോലിക്കാസഭയോടു എതിരിടുന്നതിനു തരംകിട്ടുമ്പോൾ ഐകമത്യത്തോടുകൂടെ വർത്തിക്കുന്നതിനു സന്നദ്ധരായിക്കാണുന്നതാണ് ആശ്ചര്യമായിട്ടുള്ളതു്. എങ്കിലും തിരുസ്സഭ അവരുടെ മാനസാന്തരത്തെ കാംക്ഷിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ വിഭിന്നസഭകൾ രക്ഷാകരമായവിധം വിധേയരായി തിരുസ്സഭയിൽ പ്രവേശിക്കുന്നതിനു തിരുഹൃദയഭക്തർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കണം.

---

## കുറിപ്പുകൾ.

ഒക്ടോബർ ൧൦-ാംനു മുതൽ ൧൪-ാംനു-വരെ തെക്കെ അമേരിക്കായിൽ അർജൻറയിൻ രാജ്യത്തിൻെറ തലസ്ഥാനമായ ബ്യുവനസ് അയിറസിൽവെച്ചു നടത്തപ്പെടുവാനിരിക്കുന്ന സർവ്വരാജ്യദിവ്യകാരുണ്യസമ്മേളനത്തിലേക്കു പരി. പിതാവുതന്നെ നേരിട്ടു ഒരു റെഡിയൊ സന്ദേശം അയക്കുന്നതാണ്. പ്രസ്തുത കോൺഗ്രസിൻെറ ദിവസങ്ങളിൽ മ്ശിഹാരാജൻെറ വിജയത്തിനുമായി നാം പ്രത്യേകം പ്രാർത്ഥിക്കേണ്ടതാണ്.

ഹോളണ്ടിലെ ലൂത്തറൻ മതവിരോധികൾ കത്തോലിക്കാസഭയോടു കൂടുതൽ അനുഭാവം പ്രദർശിപ്പിച്ചുവരുന്നു. ദേവാലയങ്ങളിൽ കത്തോലിക്കാസഭയുടെ ആരാധനക്രമങ്ങൾ, ആഘോഷമായ പൂജാർപ്പണം, വി. സംഗീതം മുതലായവ പ്രായോഗികമാക്കുന്നതിനു അവർക്കു വളരെ കൌതുകമുള്ളതായിക്കാണുന്നു.

ആഫ്രിക്കായിൽ ലിബെരിയാ എന്ന സ്ഥലത്തെ ആംഗ്ലിക്കൻ മെത്രാൻ ഡാക്ടർ കാമ്പെൽ അദ്ദേഹത്തിൻെറ അധികാരത്തിലുള്ള ഒരു വൈദികൻ കത്തോലിക്കാസഭയെ അധിക്ഷേപിച്ചതിനെ ആസ്പദമാക്കി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. “കത്തോലിക്കാസഭ എല്ലാ സഭകളുടെയും മാതാവത്രെ. അതിനാൽ അവളെ നിന്ദാപരമായി ആരും അപഹസിക്കരുതു്.”

മെക്സിക്കോയിൽ നടക്കുന്ന വേദഞെരുക്കങ്ങളെ ക്രിസ്തീയസഭകളെല്ലാം ഏകോപിച്ചു എതിർക്കേണ്ടതാകുന്നു എന്നു ‘സജീവസഭ’ (Living Church) എന്ന അമേരിക്കൻ പ്രോട്ടസ്റ്റാൻറുപത്രം പറയുന്നു.

൧൭ വഷങ്ങൾക്കുമുമ്പു തൂത്തുക്കുടി രൂപതയിൽ ഉവാരി എന്ന ഗ്രാമത്തിൽ ചില കത്തോലിക്കാ കുടുംബങ്ങൾ അമേരിക്കൻ ലൂത്തറൻ സഭയെ അവലംബിക്കയുണ്ടായി. കഴിഞ്ഞ ആഗസ്റ്റ്മാസം അവിടെ നടത്തിയ ഒരു ജ്ഞാനധ്യാനത്തിൻെറ ഫലമായി അവരെല്ലാവരും (൧൨൩ പേർ) മാതൃസഭയുമായി പുനരൈക്യപ്പെട്ടിരിക്കുന്നു.

കഴിഞ്ഞ ആഗസ്റ്റ് ൧൫-ാംനു ലോകവിശ്രുതമായ ഈശോസഭ സ്ഥാപിതമായിട്ടു ൪ ശതാബ്ദം പൂർത്തിയായി. ഈ അവസരം പ്രമാണിച്ചു പ്രസ്തുത സഭയുടെ ജനറാൾ പ്രമുഖന്മാരായ മററു സഭാംഗങ്ങളോടുകൂടി പരി പിതാവിനെ സന്ദർശിക്കയും, തദവസരത്തിൽ അവിടുന്നു സഭയുടെ ശ്ലാഘാവഹങ്ങളായ യോഗ്യതകളെയും മഹൽ പ്രസ്ഥാനങ്ങളെയും പരാമർശിച്ചുകൊണ്ടു അവരെ അനുമോദിക്കയും ചെയ്തിരിക്കുന്നു.

---

തൃശ്ശൂർനിന്നു ൧൨ നാഴിക വടക്കു പടിഞ്ഞാറു ചാവക്കാടിനു സമീപമുള്ള ബ്രഹ്മകുളം പള്ളി ഇടവക പോന്നോര ഔസേപ്പു ചാക്കുവിൻെറ അമ്മ മറിയം തൻെറ ൭൦-ാമത്തെ വയസ്സിൽ അന്ത്യക്രദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു ൧൯൪൦ സെപ്റ്റംബർ ൬-ാംനു വ്യാഴാഴ്ച രാത്രി ൧൦ മണിക്കു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച വിവരം വ്യസനസമേതം രേഖപ്പെടുത്തിക്കൊള്ളുന്നു. വിശ്വാസികൾ ഈയാളുടെ ആത്മാനുകൂലാർത്ഥം പ്രത്യേകം പ്രാർത്ഥിപ്പാറാകണം.

കോന്തുരുത്തിപ്പള്ളി ഇടവക പരപ്പര ഔസേപ്പിൻെറ ഭാര്യ ഏലി തൻെറ ൬൨-ാമത്തെ വയസ്സിലും, പള്ളുരുത്തിപ്പള്ളി ഇടവക കാട്ടിത്തറ ശൌര്യാർ കൊച്ചാപ്പു തൻെറ ൬൪-ാമത്തെ വയസ്സിലും അന്ത്യക്രദാശകളെല്ലാം ഭക്തിപൂർവ്വം കൈക്കൊണ്ടു ഇക്കഴിഞ്ഞ സെപ്റ്റംബർ ൧-ാംനു നിര്യാതരായിരിക്കുന്നു. ഇവരുടെ ആത്മാനുകൂലാർത്ഥം വായനക്കാർ പ്രാർത്ഥിപ്പാറാകണം. R. I. P.

---


# SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

യോഗേശ ചന്ദ്ര ഗോസ്, എം. എ., എഫ്. സി. എസ്സ്.

ആയുർവേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ.

ഔഷധപ്പട്ടിക ആവശ്യക്കാർക്കു വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

മകരദ്ധ്വജ (സ്വർണ്ണസിന്ദൂരം.) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു് ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വർദ്ധിപ്പിച്ചു് ജീവിതം സന്തോഷമുള്ളതാക്കി തീർക്കുന്നു.

ഒരു ത്രപാത്രക്കത്തിന് ക. ൪.

ശാരിബാദിസരസം. ഇതു് ഉഷ്ണപ്പുണ്ണിന് കൈകണ്ട മരുന്നാണ്. രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദൂഷ്യം ഇവയ്ക്കും വിശേഷപ്പെട്ടതു്.

ഒരുസേറിന് ക. ൬.

സുഖദ സഞ്ജീവനി. ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിനു ക. ൧൨.

അശോകബാന്ധവയോഗം:- ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആർത്തവ സംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ൧൨ തവണ സേവിപ്പാനുള്ള ഒരു കുപ്പിക്കു വില ക. ൨. അമ്പതിനു ക. ൩.

# പ്രസിദ്ധ ഔഷധങ്ങൾ.




## Malariana മലേറിയാനാ.

ഈ കീൎത്തിപ്പെട്ട ഔഷധം മലമ്പനി, വിറപ്പനി, ശീതപ്പനി, ഒന്നരാടൻ പനി, മുറപ്പനി മുതലായ എല്ലാവിധ പനികളെ മാറുകയും, പ്ലീഹോദരം എന്ന വയററിൽ ഉണ്ടാകുന്ന വീക്കത്തെ ഉരുക്കിക്കളഞ്ഞു സമ്പൂൎണ്ണസ്വാസ്ഥ്യത്തെ നല്കുകയും ചെയ്യുന്നതിന്നു ഇതു് ഒരു പ്രസിദ്ധ ഔഷധമാണെന്നു എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്നതാകുന്നു. വില 8 ഔൺസിന്നു 1 ക. 8 ണ; 1 ഡജന്നു 16 ക. 8 ണ; 4 ഔൺസിന്നു 14 ണ; 1 ഡജന്നു 9 ക. 12 ണ;

**SYRUP SARSAMOGA.** രക്തശുദ്ധീകര ഔഷധം.

ശരീരം മുഴുവനും ചൊറി, ചിരങ്ങ്, കുരു, വ്രണം, വീക്കം മുതലായ രക്തദൂഷ്യത്താലുണ്ടാകുന്ന സൎവ്വപീഡകളെയും ഗുണപ്പെടുത്തി, ശരീരത്തിന്നു കാന്തിയും, ശോഭയുമുള്ള സൌന്ദൎയ്യമയമാക്കുവാൻ ശക്തിയുള്ള ഒരു പ്രാണസ്നേഹിതനാണ് സിറപ്പ് സർസ്സ അമോഗ. വില 8 ഔൺസിന്നു 3 ക. 8 ണ. ചെറിയ കുപ്പി 1 ക്കു 1 ക. 14 ണ.

**BABYTONE.** ഗ്രഹണിഅന്തകം

ഗ്രഹണി എന്ന ദീനത്താലോ ജീൎണ്ണകോശക്രമക്കേടു കൊണ്ടോ ശരീരം മെലിഞ്ഞു എല്ലും തോലും മാത്രം ഉള്ള കുട്ടികളെ ബേബിടോൺ എന്ന ഔഷധപ്രയോഗത്താൽ ക്ഷണത്തിൽ കൈകാലുകൾക്കും, ഞരമ്പുകൾക്കും രക്തചലനവും ശക്തിയും വരുത്തി ദേഹം കാത്തുരക്ഷിക്കുന്നവരായ ഉത്തമ മാതാവത്രെ. വില 4 ഔൺസിന്നു 1 ക. 4 ണ.

**EAR OIL.** ചെവി ചോരുന്നതിന്നു.

ചെവിട്ടിൽ വേദനയുണ്ടായി ചെവികേളായ്ക, ചെവിയിൽനിന്നു ചലം വാരുക, നാററം പുറപ്പെടുക എന്നിങ്ങനെ പലതരമുള്ള ദീനങ്ങളെയും ഇയർ ആയിൽ എന്ന എണ്ണ സുഖപ്പെടുത്തുന്നതാകുന്നു. വില ½ ഔൺസിന്നു 8 ണ; 1 ഔൺസിന്നു 14 ണ.

**SYRUP CARDUS.** പിത്തഹരൌഷധം.

ഉറക്കമില്ലായ്ക, തലതിരിച്ചൽ, പിത്തം ഛർദ്ദിക്കൽ, കൈകാൽതളൎച്ച, ശരീരം കുഴയുക, മലമൂത്രങ്ങളുടെ അക്രമം, നെഞ്ഞുനീറൽ ഇവയെല്ലാം ഗൃഹസ്ഥഹിംസകൻറെ പീഡകളല്ലയോ? എന്നാൽ ഈ സിറപ്പ് കരള് ഗുന്മൻ എന്നവയുടെ എല്ലാ കേടുകളെയും നിരാകരിച്ചു ശരീരത്തിന്നു പുഷ്ടിയും ആരോഗ്യവും വൎദ്ധിപ്പിക്കുന്ന ഒരു മിത്രമാണെന്നതിന്നു സംശയമില്ല. വില 8 ഔൺസിന്നു 3 ക. 8 ണ. ചെറിയ കുപ്പി 1 ക്കു 1 ക. 14 ണ.

**RINGWORM BALM.** ത്വക്ക്രോഗത്തിന്നു

ശരീരത്തിൻറെ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന പുഴുക്കടി, തഴുതണം, വരട്ടുചൊറി, ചിരങ്ങ്, വ്രണം, ചുണങ്ങ് എന്നിവയെ ക്ഷണത്തിൽ സുഖപ്പെടുത്തും. വില ഡബ്ബി 1 ന്നു 5 ണ; 1 ഡജന്നു 3 ക.

ചികിത്സസംബന്ധമായ പുസ്തകം സൌജന്യമായി ആവശ്യക്കാൎക്കു അയച്ചുകൊടുക്കുന്നതാണ്. ഇതിന്നുപുറമെ ഹോമിയോപ്പതിയും ടിഷ്യൂമരുന്നുകളും ആവശ്യംപോലുണ്ടു.

THE MALARIANA Co.
8 Hampankatta,
Mangalore S. K.

ദി മലേറിയാനാ കമ്പനി,
8 ഹമ്പൻകട്ട,
മംഗലാപുരം.

Reg. No. C. 130.

# പഞ്ചാംഗം.

| ൧൧൧൦ കന്നി - തുലാം. | | | | ഒക്ടോബർ ൧൯൩൪ |
|---|---|---|---|---|
| ൧൫ | 1 | തി. | വി. | റെമീജി മെ. |
| ൧൬ | 2 | ചൊ. | | കാവൽമാലാഖമാർ. |
| ൧൭ | 3 | ബു. | വി. | കൊച്ചുത്രേസ്യ |
| ൧൮ | 4 | വ്യാ. | വി. | ഫ്രൻസിസ്സ്. |
| ൧൯ | 5 | വെ. | വി. | പ്ലാസിഡ്. |
| ൨൦ | 6 | ശ. | വി. | ബ്രൂണൊ. |
| ൨൧ | 7 | ഞാ. | ✠ | വി. മർക്കോസ്. |
| ൨൨ | 8 | തി. | വി. | ബ്രിജീത്താ. |
| ൨൩ | 9 | ചൊ. | വി. | ദെനീസ്. |
| ൨൪ | 10 | ബു. | വി. | ഫ്രാൻസി. ബൊർജി. |
| ൨൫ | 11 | വ്യാ. | വി. | തറാക്കൂസ്. |
| ൨൬ | 12 | വെ. | വി. | എവാഗ്രീയൂസ്. |
| ൨൭ | 13 | ശ. | വി. | എഡ്വാർഡ് രാ. |
| ൨൮ | 14 | ഞാ. | ✠ | വി. കല്ലീസ്തൂസ് പാ. |
| ൨൯ | 15 | തി. | വി. | ത്രേസ്യാ. |
| ൩൦ | 16 | ചൊ. | വി. | മർത്തീനിയൻ. |
| ൧ | 17 | ബു. | വി. | മർഗ്ഗ. അലക്കോക്ക്. |
| ൨ | 18 | വ്യാ. | വി. | ലൂക്കാ. സുവി. |
| ൩ | 19 | വെ. | വി. | പത്രോസ് അൽക്കാ |
| ൪ | 20 | ശ. | വി. | ജോൺ കാൻഷ്യസ് |
| ൫ | 21 | ഞാ. | ✠ | വി. ഹില്ലാറിയോൻ |
| ൬ | 22 | തി. | വി. | തോമ്മാ ഹെർഫോ. |
| ൭ | 23 | ചൊ. | വി. | തെയൊദോർ. |
| ൮ | 24 | ബു. | വി. | ഫെലിക്സ്. |
| ൯ | 25 | വ്യാ. | വി. | യോഹ. ബാവറി. |
| ൧൦ | 26 | വെ. | വി. | എവരീസ്തൂ പാ. |
| ൧൧ | 27 | ശ. | വി. | ഫ്രുമെൻസിയൂ. |
| ൧൨ | 28 | ഞാ. | ✠ | മ്ശിഹാ. രാജത്വം. |
| ൧൩ | 29 | തി. | വി. | ദൊനാത്തൂസ്. |
| ൧൪ | 30 | ചൊ. | വി. | സ്രാപ്പിയോൻ. |
| ൧൫ | 31 | ബു. | വി. | നെമേസിയസ്. (ഉ. വി.) |

✠ എല്ലാവക്കും കടമുള്ള ദിവസം.

Printed at the Little Flower Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM, S. INDIA.